NERVEEDHI
Volume - 14, Issue - 3, 10th March 2025, Monthly, Price ₹ 25, Published at Kottayam
വാല്യം - 14, ലക്കം - 3, മാർച്ച് 2025 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## മൗനം ശക്തന്റെ ആയുധം...

പേജ് 11

Editorial

# അതിമഹത്തായ വരവേൽപ്പ്...

'നിങ്ങൾ ദൈവത്തിന്റെ ഗൃഹനിർമ്മാണം' എന്ന് സഭയുടെയും ഓരോ വ്യക്തിയുടെയും ആത്മിക വളർച്ചയെ പരാമർശിക്കുന്നതായി 1 കൊരിന്ത്യർ 3: 9 ൽ നാം വായിക്കുന്നു. ഗൃഹനിർമ്മാണത്തോടുപമിച്ചുള്ളതും അനിവാര്യമായും നാം അനുഭവമാക്കേണ്ടതുമായ വസ്തുതകളാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രമേയം. ക്രിസ്തുയേശുവിന്റെ ദിവ്യശക്തി ഭക്തിപൂർവ്വമായ ജീവിതത്തിനു ആവശ്യമായതെല്ലാം നമുക്ക് നൽകിയിരിക്കുന്നു. ഈ വാഗ്ദത്തങ്ങൾ നമുക്ക് ലഭിച്ചത് തേജസ്സിനാലും ശ്രേഷ്ഠതയാലും നമ്മെ വിളിച്ച ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിലൂടെയാണ്. ഈ വാഗ്ദത്തങ്ങളാൽ നമ്മിലെ ദുർമോഹത്താലുണ്ടാകുന്ന ലോകമാലിന്യങ്ങളിൽ നിന്ന് വിമുക്തരായി ദൈവികസ്വഭാവത്തിനു പങ്കാളികളായിത്തീരുവാൻ ദൈവകൃപയാൽ കഴിയും.

ആത്മികജീവിതത്തിന്റെ അടിസ്ഥാനം ക്രിസ്തുവായിരിക്കണം. തന്റെ ദിവ്യസ്വഭാവം ഒന്നോടൊന്നു ചേർന്ന് നമ്മിൽ വർധിച്ചു വരുന്നതിനെ കെട്ടിടനിർമ്മാണത്തിലെ വരിവരിയായി പണിതുയർത്തുന്ന ഓരോ നിര കല്ലുകളായി ഉപമിച്ചു പഠിക്കാവുന്നതാണ്. വിശ്വാസത്തിലധിഷ്ഠിതമായി ധർമ്മനിഷ്ഠയും വിവേകവും ആത്മസംയമനവും സഹിഷ്ണുതയും ഭക്തിയും എന്നിങ്ങനെ മേൽക്കുമേൽ, പണിയുന്ന കെട്ടിടത്തിന്റെ ഓരോ വരി കല്ലുകൾ എന്നപോലെ ഓരോ ദിവ്യസ്വഭാവവും നാം പ്രാപിക്കുമ്പോഴാണ് യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള അതിമഹത്തായ വരവേൽപ്പ് ലഭ്യമാകുന്നത്. നാം ഇക്കാര്യങ്ങൾ വിവിധ നിലകളിൽ അറിഞ്ഞവരാണെങ്കിലും, യേശുകർത്താവ് നമ്മെ അഭ്യസിപ്പിച്ച സത്യത്തിൽ ഉറച്ചു നിന്ന്, 'എല്ലാറ്റിലും എല്ലാം നിറയ്ക്കുന്ന' തന്റെ നിറവോളം നിറഞ്ഞുവരേണ്ടതിനു, ഈ ഭാഗങ്ങൾ കൂടുതൽക്കൂടുതലായി ധ്യാനിച്ച് ആത്മീയവളർച്ച പ്രാപിക്കുവാൻ സമ്പൂർണ്ണമായി കർത്തൃകരങ്ങളിൽ സമർപ്പിക്കേണ്ടതാണ്. മാനുഷിക പരിശ്രമത്താൽ ഇക്കാര്യങ്ങൾ തികച്ചും അസാധ്യം. എങ്കിലും ദൈവകൃപയിലും കരുണയിലും ആശ്രയിച്ചു കർത്താവിനോടൊപ്പം നടക്കുന്നവർക്കാണ് നിത്യരാജ്യത്തിലേക്കുള്ള വരവേൽപ്പ് സാധ്യമാകുന്നത്.

നിത്യതയ്ക്കായി ഒരുങ്ങുവാനാണ് ഇവിടെ ദൈവം നമുക്ക് നൽകിയിരിക്കുന്ന ആയുഷ്ക്കാലം പ്രയോജനപ്പെടുത്തേണ്ടത്. ഇഹലോകത്തിൽ എന്തെല്ലാം നേടിയാലും അതെല്ലാം താൽക്കാലികം മാത്രമാണ് എന്ന് നാം വിസ്മരിക്കരുത്. ദൈവവിഷയമായി സമ്പന്നരാകുവാൻ ഉത്സാഹിക്കുന്നവർക്കു ഏറെ പ്രയോജനകരമാണ് ഈ ലക്കത്തിലെ തുടർന്നുള്ള എല്ലാ ലേഖനങ്ങളും. അടുത്ത നിമിഷമോ ദിവസമോ ഈ ദൈവിക സമ്പന്നത നമുക്ക് ലഭിക്കുമെന്ന് നാം വ്യാമോഹിക്കരുത്.

ഏതു നിമിഷവും നാമിപ്പോൾ ആയിരിക്കുന്ന മൺകൂടാരമാകുന്ന ശരീരത്തോട് വിട പറയുകയോ, കർത്താവിന്റെ പുനരാഗമനം സംഭവിക്കുകയോചെയ്യാം. ആകയാൽ 'ഇന്ന്' എന്നു പറയുന്നിടത്തോളം ഒരു നിമിഷം പോലും പാഴാക്കാതെ മുന്നേറിയെങ്കിലേ 'ശുഭതുറമുഖത്ത്' യാത്ര സമംഗളം പര്യവസാനിക്കുകയുള്ളൂ. അതിനായി മാന്യവായനക്കാരെ സ്നേഹപൂർവ്വം അനുസ്മരിപ്പിച്ചു കൊണ്ട് ഈ ലക്കം പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്നു.

പുസ്തകം 14 ലക്കം 3
മാർച്ച് 2025


# ഈ ലക്കത്തിൽ


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



**നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം** 4
ജോയ് എം. തോമസ്

**പരസ്യയുദ്ധത്തിനു മുമ്പ്...** 7
സാജു മാത്യു

**എന്നേക്കും ജീവിക്കുന്ന ഒരു പുരോഹിതൻ** 9
ചെയ്സ് ജോസഫ്

**മൗനം ശക്തന്റെ ആയുധം...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ഉണർവ്വുകൾ വികാരാവേശങ്ങളോ?** 13
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**ജീവിതം ഒരു പരിശീലനക്കളരി** 18
ചാൾസ് സ്പർജൻ

**വനിതാ വീഥി** 22
സുജ വിനു

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**



Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



ജോയ് എം തോമസ്

# നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം

**ക**ർത്താവായ യേശുക്രിസ്തു മടങ്ങി വരും എന്നു വിശ്വസിക്കുന്ന വരെല്ലാം ഒരുങ്ങിയിരിക്കുന്നവരാണോ? കർത്താവിന്റെ വരവ് അടുത്തു എന്ന് നാം പറയുമ്പോൾ ഒരുങ്ങുന്നതിനു തിടുക്കം ഉള്ളവരും ആകേണ്ട തല്ലേ? കർത്താവിന്റെ വരവിനായി നാം ഒരുങ്ങേണ്ടത് എങ്ങനെയാണ്? എന്തെല്ലാമാണ് ശ്രദ്ധിക്കേണ്ടത്?

തിരുവചനത്തിൽ പരിശുദ്ധാത്മാവ് നമുക്ക് വ്യക്തമായ പ്രബോധനം നൽകുന്നുണ്ട്. 'ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യ ത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും'(2പത്രോസ് 1:11). ഇങ്ങനെ ചെയ്താൽ... എങ്ങനെ ചെയ്താൽ? നാം ചെയ്യേണ്ടുന്ന കാര്യങ്ങൾ ഈ അധ്യായത്തിന്റെ അഞ്ചു മുതലുള്ള വാക്യങ്ങളിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു.

നമ്മുടെ വിശ്വാസത്തോടു കൂട്ടേണ്ട 7 കാര്യങ്ങൾ പറഞ്ഞിരിക്കു ന്നത് ശ്രദ്ധിക്കുക. യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയും രക്ഷിക്കപ്പെട്ടിരിക്കുന്നു (റോമർ10:9). ഈ വിശ്വാസത്തോടു നാം കൂട്ടിക്കൊണ്ടിരിക്കേണ്ട കാര്യങ്ങൾ കൂട്ടുന്നില്ല എങ്കിൽ നാം ക്രി സ്തീയ ജീവിതത്തിൽ വളരുന്നില്ല, പ്രത്യുത മുരടിക്കുകയാണ്. അത് വാസ്തവത്തിൽ ആത്മീക പിന്മാറ്റം ആണ് എന്ന് നാം തിരിച്ചറിയണം. 'അതുനിമിത്തം തന്നെ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാ നത്തോട് ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിര തയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീ തിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർ ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആ യിരിക്കില്ല' (2 പത്രോസ് 1: 5-9).

ഒന്നാമതായി വിശ്വാസത്തോടു കൂട്ടേണ്ടത് വീര്യമാണ്. വീര്യം എന്നി ടത്തു വരേണ്ട ശരിയായ തർജ്ജമ 'ധാർമിക ഉത്കൃഷ്ടത'

(Moral excellence) എന്നാണ്. യാക്കോബിന്റെ ലേഖനത്തിൽ വിശ്വാസത്തെ 'ജീവനുള്ള വിശ്വാസം' 'നിർജ്ജീവ വിശ്വാസം' എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. അങ്ങനെ വിശ്വാസവും പ്രവർത്തികളില്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു (യാക്കോബ് 2:17). വിശ്വാസം വീര്യമുള്ളതാകണം അഥവാ പ്രവർത്തികൾ ഉള്ളതാകണം. വിശ്വാസത്തിന്റെ പ്രവർത്തികളിലൂടെയാണ് ആത്മീയഫലം പുറപ്പെടുന്നത്. ക്രിസ്തുവിന്റെ മനസ്സലിവ് നമ്മിലുണ്ടാകുമ്പോൾ ദുരിതം അനുഭവിക്കുന്നവരോട് അനുകമ്പ ഉണ്ടാവുകയും അവരെ സഹായിക്കുന്നതിന് പ്രതിബദ്ധതയുള്ളവരായി നാം മാറുകയും ചെയ്യുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ക്രിസ്തുവിന്റെ സ്നേഹം നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരുന്നില്ലെങ്കിൽ ആ വിശ്വാസം നിർജ്ജീവമാണ് (യാക്കോബ് 2:14-17).

വിശ്വാസത്തോടു കൂട്ടേണ്ട രണ്ടാമത്തെ കാര്യം പരിജ്ഞാനമാണ്. അറിവും വിവേകവും കലർന്നതാണ് പരിജ്ഞാനം. പരിജ്ഞാനത്തോടെ ചെയ്യുക എന്നു നാം പറയാറുണ്ട്. അതിന്റെ അർത്ഥം, ക്രിസ്തു എന്താണോ ചെയ്യുമായിരുന്നത് അതുപോലെ ചെയ്യുക എന്നതാണ്. പരിജ്ഞാനത്തോടെ സംസാരിക്കുക എന്ന് പറഞ്ഞാൽ നാം അർത്ഥം ആക്കുന്നത് ക്രിസ്തു എന്താണോ പറയുമായിരുന്നത് അതുപോലെ പറയുക എന്നതാണ്. വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും കൂട്ടുവാൻ ആണ് നമ്മെ വിളിച്ചിരിക്കുന്നത്. ദൈവഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതാണ് വാസ്തവത്തിൽ പരിജ്ഞാനം. ക്രിസ്തുവിലുള്ള വിശ്വാസം നാം ഉപയോഗിക്കുന്നത് പരിജ്ഞാനത്തോടെ അഥവാ അവിടുത്തെ തിരുഹിതം അറിഞ്ഞായിരിക്കണം. കർത്താവിന്റെ നാമം വൃഥാ എടുക്കരുത് എന്നുള്ളത് അവിടുത്തെ കല്പനയാണ്. ദൈവാലയ അഗ്രത്തിൽ നിന്നും താഴോട്ട് ചാടുവാൻ പിശാച് പറഞ്ഞപ്പോൾ യേശുകർത്താവ് എത്ര പരിജ്ഞാനത്തോടെയാണ് മറുപടി പറഞ്ഞത്. വിശ്വാസത്താൽ ചാടുവാൻ ആണ് പിശാച് പറഞ്ഞത്. ദൂതന്മാർ കൈകളിൽ വഹിച്ചുകൊള്ളും എന്ന വാക്യവും പിശാച് പറയുന്നു. എന്നാൽ കർത്താവ് കൊടുത്ത മറുപടി 'നിന്റെ ദൈവമായ യഹോവയെ പരീക്ഷിക്കരുത്' എന്നായിരുന്നു. പിതാവ് കല്പിക്കാതെ മറ്റൊരു സ്വരം കേട്ട് പ്രവർത്തിച്ചാൽ അത് ദൈവത്തെ പരീക്ഷിക്കുകയാണ്. പരിജ്ഞാനം ഇല്ലാതെ പോയാൽ പിശാച് പറയുന്നത് കേട്ട് പ്രവർത്തിച്ചു പോകും. വിശ്വാസത്താൽ ചെയ്തു എന്ന് തെറ്റിദ്ധരിക്കുകയും ചെയ്യും. വിശ്വാസഗോളത്തിൽ ഇപ്രകാരമുള്ള പ്രവർത്തികൾ ദൈവനാമം ദുഷിക്കപ്പെടുന്നതിന് കാരണമായിത്തീരുന്നു. ആകയാൽ നമുക്ക് വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും കൂട്ടുന്നവരായിരിക്കാം.

വിശ്വാസത്തോടു കൂട്ടേണ്ട മൂന്നാമത്തെ കാര്യം ഇന്ദ്രിയജയമാണ്. ഇന്ദ്രിയങ്ങളുടെ മേലുള്ള ജയം ആത്മനിയന്ത്രണത്തിന്റെ ഭാഗമാണെന്നു പറയാം. നമ്മിലുള്ള മോഹങ്ങൾ ഏറ്റവും അപകടകാരികൾ ആണ്. അവയ്ക്ക് നിയന്ത്രണം ഉണ്ടായേ മതിയാകൂ. പരിശുദ്ധാത്മ നിയന്ത്രിതമായ നമ്മുടെ ഇച്ഛാശക്തിയാൽ നാം നമ്മുടെ മോഹങ്ങളെ നിയന്ത്രിക്കുമ്പോഴാണ് ആത്മനിയന്ത്രണം ഉള്ളവരാകുന്നത്. മരുഭൂമിയിൽ പട്ടു പോയ ഇസ്രായേൽ മക്കൾ നമുക്ക് ദൃഷ്ടാന്തം ആയിട്ടുണ്ട്. അവരുടെ നാശം അവരുടെ ദുർമോഹത്താൽ സംഭവിച്ചതാണ്. നമ്മുടെ ക്രിസ്തീയ ജീവിതം പരാജയപ്പെടാതെ വിജയകരമായി പൂർത്തീകരിക്കുവാൻ നാം വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ആത്മനിയന്ത്രണവും(ഇന്ദ്രിയജയം) കൂട്ടേണ്ട തുണ്ട്.

നാലാമതായി കൂട്ടേണ്ടത് സ്ഥിരതയാണ്. അതിന് സഹിഷ്ണുത, ദൃഢചിത്തത, മന:സ്ഥിരത എന്നും പറയുന്നു. മനസ്സു പതറാതെ, ക്ഷമയോടെ സഹിക്കുവാനുള്ള കഴിവ്. ജീവിതത്തിൽ വ്യത്യസ്ത സാഹചര്യങ്ങളും അനുഭവങ്ങളും ഉണ്ട്. സാഹചര്യങ്ങൾ നമ്മെ അടിമപ്പെടുത്താതെ സാഹചര്യങ്ങൾക്ക് അതീതരായി ജീവിക്കുവാനുള്ള ഉറപ്പും ധൈര്യവും ദൈവത്തിൽ നമുക്ക് ഉണ്ടായിരിക്കണം. സകലത്തിന്റെയും നിയന്ത്രണം ദൈവത്തിന് ആണെന്ന് നമ്മുടെ ഹൃദയത്തിലുറപ്പുണ്ടായിരിക്കണം. ദൈവത്തിലാശ്രയിച്ച് പ്രതിസന്ധികളെ തരണം ചെയ്യുവാൻ വിശ്വാസത്തിൽ ധൈര്യമുള്ളവരായി നാം മുന്നേറണം. അതുപോലെ ദുരുപദേശങ്ങളുടെ ശക്തമായ കാറ്റിൽ ആടി ഉലയാതെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി യേശുവിന്റെ സ്നേഹത്തിൽ വേരൂന്നി വളരുവാൻ നമുക്ക് കഴിയണം. ദുരുപദേശങ്ങളോടു പോരാടേണ്ടത് വാശിയിലും വൈരാഗ്യത്തിലും അല്ല. പ്രത്യുത, സ്നേഹത്തിൽ സത്യം സംസാരിക്കുന്നതിലൂടെ ആയിരിക്കണം (എഫേസ്യർ 4:14,15). ക്രിസ്തുവിന്റെ സ്നേഹ

ത്തിൽ നിന്നുള്ളവരായി സത്യവചനം സമസൃഷ്ട ങ്ങളോട് പങ്കിടുവാൻ നമുക്ക് കഴിയണം. ആക യാൽ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയ വും ഇന്ദ്രിയജയത്തോടു സ്ഥിരതയും നമുക്ക് കൂട്ടാം.

അഞ്ചാമത്തേത് ഭക്തിയാണ്. ഇന്ന് നാം കണ്ടു വരുന്ന ഭക്തി മൂന്നു വിധമാണ്. കപടഭക്തി, മത ഭക്തി, ദൈവഭക്തി എന്നിവ. കപടഭക്തി എന്ന ത് അഭിനയമാണ്. ഉള്ളിലില്ലാത്തത് ഉണ്ടെന്ന് അ ഭിനയിക്കുന്നു. പരീശന്മാരും ശാസ്ത്രിമാരും അ ങ്ങനെ ആയിത്തീർന്നതുകൊണ്ടാണ് കർത്താവ് അവരെ നിശിതമായി വിമർശിച്ചത്. മതഭക്തർ അ വരുടെ മതത്തിൽ ആത്മാർത്ഥമായി വിശ്വസിച്ച് തീഷ്ണതയോടെ പ്രവർത്തിക്കുന്നു. പക്ഷേ ദൈവം എന്താണ് ഇഷ്ടപ്പെടുന്നത് എന്നറിയുന്ന സത്യാന്വേഷികൾ തുലോം കുറവാണ്. യഥാർത്ഥ ദൈവഭക്തി ഇതിൽ നിന്നും വ്യത്യസ്തമാണ്. ദൈവത്തിനു വേണ്ടിയുള്ള ആഗ്രഹവും ദൈവ ഇഷ്ടം ചെയ്യുവാനുള്ള ആത്മാർത്ഥ സമർപ്പണവും ആണ് ദൈവഭക്തരെ വ്യത്യസ്തരാക്കുന്നത്. വി ശുദ്ധിയും മനസ്സലിവും ദൈവഭക്തിയുടെ രണ്ടു വശങ്ങളാണ്. യാക്കോബ് സമർത്ഥിക്കുന്നത്: 'പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും, ലോകത്താലുള്ള കളങ്കം പറ്റാത്ത വണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതുമാണ്' (യാക്കോബ് 1:27). അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നുകാണുന്നതും അ വരെ കരുതുന്നതും മനസ്സലിവിന്റെ പ്രവർത്തി യാണ്. ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞു ലോകത്താലുള്ള കളങ്കം പറ്റാതെ സൂക്ഷിക്കുന്ന ത് വിശുദ്ധജീവിതമാണ്. യഥാർത്ഥ ഭക്തരായി ക്രിസ്തീയസാക്ഷ്യം ഉള്ളവരാകുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അതുകൊണ്ട് വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരി ജ്ഞാനവും, പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും കൂട്ടിക്കൊള്ളുവാൻ നമുക്ക് ഉത്സാഹിക്കാം.

ആറാമത്തേത് സഹോദരപ്രീതിയാണ്. ദൈവ മക്കൾ തമ്മിൽ തമ്മിലുള്ള സ്നേഹം. കർത്താ വ് നമുക്ക് തന്ന പുതിയ കല്പന, അതായത് കർ ത്താവ് നമ്മെ സ്നേഹിച്ചതുപോലെ അന്യോന്യം

**വീണ്ടുംജനനം പ്രാപിച്ചവർക്ക് സ്വർഗീയ പിതാവിനെയും അങ്ങനെ അവിടുത്തെ മക്കളായ നമുക്ക് ആത്മീയ സഹോദരങ്ങളേയും സ്നേഹിക്കുവാൻ കഴിയും... നിത്യജീവന്റെ അവകാശികളായി എന്നതിന്റെ വ്യക്തവും തിട്ടവും ആയ തെളിവ് സഹോദരങ്ങളെ സ്നേഹിക്കുന്നതാണ്.**

സ്നേഹിക്കുക എന്നതാണ് (യോഹന്നാൻ 13:34). വീണ്ടുംജനനം പ്രാപിച്ചവർക്ക് സ്വർഗീയ പിതാ വിനെയും അവിടുത്തെ മക്കളായ നമുക്ക് ആത്മീ യ സഹോദരങ്ങളേയും സ്നേഹിക്കുവാൻ കഴി യും (യോഹന്നാൻ 5:1). 'നാം മരണം വിട്ട് ജീവ നിൽ കടന്നു' അഥവാ നിത്യജീവന്റെ അവകാശി കളായി എന്നതിന്റെ വ്യക്തവും തിട്ടവും ആയ തെളിവ് സഹോദരങ്ങളെ സ്നേഹിക്കുന്നതാണ് (1 യോഹന്നാൻ 3:14). ആകയാൽ വിശ്വാസ ത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജ യത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തി യും ഭക്തിയോടു സഹോദരപ്രീതിയും കൂ ട്ടിക്കൊണ്ടിരിക്കണം.

ഏഴാമതായി നാം നമ്മുടെ വിശ്വാസത്തോടു സ്നേഹം കൂട്ടണം. സ്നേഹം എന്ന് ഇവിടെ വി വക്ഷിക്കുന്നത് എല്ലാവരോടുമുള്ള സ്നേഹമാണ്. ജാതി, മത, ഭാഷ, സംസ്കാര, ദേശ വ്യത്യാസമി ല്ലാതെ ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപ ത്തിലും സൃഷ്ടിച്ച മുഴുവൻ ജനതയെയും സമസൃ ഷ്ടങ്ങളായി കണ്ട് സ്നേഹിക്കുവാൻ കഴിയണം. നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ അവർ ന ശിച്ചു പോകരുതെന്ന് ആത്മാർത്ഥമായി ആഗ്രഹി ക്കും. അതാണ് ആത്മഭാരമായി നമ്മിൽ രൂപപ്പെടു ന്നത്. മറ്റുള്ളവരോട് സുവിശേഷം അറിയിച്ച് അ വരെ കർത്താവിലേക്ക് നയിക്കുവാൻ ആത്മഭാരം നമുക്ക് കൂടിയേ തീരൂ. അതിനാൽ വിശ്വാസത്തോ ടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരി ജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജ യത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീ തിയോടു സ്നേഹവും കൂട്ടിക്കൊള്ളുക എന്ന പ്രബോധനം നമുക്ക് സ്വീകരിക്കാം. കർത്താ വിന്റെ വരവിനായി അങ്ങനെ ആത്മാർത്ഥ തയോടെ ഒരുങ്ങി നിൽക്കാം. •



സാജു മാത്യു

# പരസ്യയുദ്ധത്തിനു മുമ്പ് രഹസ്യ പരിശീലനം...

പ്രശസ്തനായ ഒരു ഇംഗ്ലീഷ് പിയാനോ വായനക്കാരന്റെ അരങ്ങേറ്റം കഴിഞ്ഞപ്പോൾ ശ്രോതാക്കളിലൊരാളായി എത്തിയിരുന്ന ബ്രിട്ടീഷ് രാജ്ഞി അയാളുടെ അടുത്തെത്തി പറഞ്ഞു: "തീർച്ചയായും നിങ്ങളൊരു ജീനിയസ് ആണ്!" "ആയിരിക്കാം തിരുമനസ്സേ!" പിയാനോ വായനക്കാരൻ മറുപടി പറഞ്ഞു. "എന്നാൽ ഒരു ജീനിയസ് ആകുന്നതിനുമുമ്പ് ഒത്തിരി നാളുകൾ ഞാൻ വെറുമൊരു പിയാനോസ്റ്റുഡന്റ് ആയിരുന്നു!"വർഷങ്ങൾ നിണ്ടുനിന്ന പരിശീലനമാണ് തന്നെ ഒരു ജീനിയസ് ആക്കിയത് എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. അതെ, പരസ്യപ്രകടനത്തിൽ ഒരു ജീനിയസ് ആകുന്നതിനു മുമ്പ് ആയിരക്കണക്കിനു മണിക്കുറുകൾ ആ പിയാനോ വായനക്കാരൻ രഹസ്യത്തിൽ തന്റെ പിയനോയ്ക്കു മുമ്പിലിരുന്ന് പരിശീലനം നടത്തിയിരുന്നു!

ദാവീദിന്റെയും ഗോല്യാത്തിന്റെയും സംഭവത്തിൽ ഇതിനു സമാനമായ ഒരു പാഠമുണ്ട്. ഫെലിസ്ത്യ മല്ലനായ ഗോല്യാത്തിനെ കൊല്ലാൻ തയ്യാറാണെന്നു പറഞ്ഞു വന്ന ദാവീദിനെ കണ്ട ശൗൽ ചോദിക്കുന്നു: "ഇടയബാലകാ... ഗോല്യത്തിനോടാണോ നീ യുദ്ധത്തിനൊരുങ്ങുന്നത്? നിനക്കതിനു പ്രാപ്തിയില്ല, നീ യുദ്ധം കണ്ടിട്ടുകൂടിയില്ല. അവനോ ബാല്യംമുതൽ യോദ്ധാവാണ്!'' (1 ശമുവേൽ 17: 33). ദാവീദ് ശൗലിനോട് പറയുന്നത് തിരിച്ചാണ്! "രാജാവേ, യുദ്ധം എനിക്കു പരിചയമില്ലെന്നു ചിന്തിക്കരുത്... ഇതുവരെ ഞാനൊരു പരസ്യയുദ്ധം ചെയ്തിട്ടില്ല എന്നതു നേരാണ്. എന്നാൽ, പരിശീലനം എനിക്കു വേണ്ടുവോളം കിട്ടിയിട്ടുണ്ട്. ഞാൻ അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ ഒരു സിംഹവും മറ്റൊരിക്കൽ ഒരു കരടിയും വന്ന് കൂട്ടത്തിൽ നിന്ന് ഒരു ആട്ടിൻകുട്ടിയെ പിടിച്ചു. ഞാൻ പിന്തുടർന്ന് അതിനെ അടിച്ച് അതിന്റെ വായിൽ നിന്ന് ആട്ടിൻകുട്ടിയെ വിടുവിച്ചു; അത് എന്റെ നേരെ വന്നപ്പോൾ ഞാൻ അതിനെ താടിക്കു പിടിച്ച് അടിച്ചുകൊന്നു... സിംഹത്തിന്റെ കയ്യിൽ നിന്നും കരടിയുടെ കയ്യിൽ നിന്നും എന്നെ രക്ഷിച്ച യഹോവ, ഈ ഫെലിസ്ത്യന്റെ കയ്യിൽ നിന്നും എന്നെ രക്ഷിക്കും... എന്നെ രക്ഷിക്കുമെന്നു മാത്രമല്ല, ഈ ഫെലിസ്ത്യനും ഞാൻ കൊന്ന സിംഹത്തെപ്പോലെയോ കരടിയെപ്പോലെയോ ആകും...

കാട്ടുമൃഗത്തെ അടിച്ചുകൊല്ലാൻ ദൈവം എനിക്ക് അവസരം ഒരുക്കിയത് ഇങ്ങനെയൊരു പരസ്യയുദ്ധത്തിനുള്ള പരിശീലനമായിരുന്നു പ്രഭോ... (ജീനിയസ് ആകാനുള്ള പരിശീലനം!) എന്റെ കൈകൾ യുദ്ധത്തിനുവേണ്ടി കൊതിക്കുകയാണ്. ഇവന്റെ നിമിത്തം ഇനി ആരും അധൈര്യപ്പെടേണ്ട. അടിയൻ ചെന്ന് ഈ ഫെലി

സ്ത്യനോട് അങ്കം പൊരുതും. ജീവനുള്ള ദൈവത്തിന്റെ സേനയെ നിന്ദിച്ച ഈ അഗ്രചർമ്മിയുടെ അന്ത്യം ഇതാ വന്നെത്തിയിരിക്കുന്നു!" (1 ശമുവേൽ 17: 34-37).

പരസ്യയുദ്ധത്തിനിറങ്ങുന്നതിനു മുമ്പ് നമുക്ക് ഒരു രഹസ്യയുദ്ധം അനിവാര്യമാണ്! നമ്മുടെ ഉള്ളിലെ മോഹങ്ങളോടും വികാരങ്ങളോടും ആശങ്കകളോടും ഒക്കെയുള്ള ഒരുമല്ലയുദ്ധം! അതിലെ വിജയമാണ് പുറത്തെ യുദ്ധത്തിനുള്ള ആത്മവിശ്വാസം നമുക്കു നല്കുന്നത്! മല്ലനെ കൊല്ലാനൊരുങ്ങിയെത്തിയിരിക്കുന്ന ദാവീദിനോട് ശൗൽ പറയുന്നത്, "ഈ ഫെലിസ്ത്യനോടു അങ്കം പൊരുതാൻ നിനക്കു പ്രാപ്തിയില്ല" എന്നാണ്! നീ ബാലൻ, അവനോ മല്ലൻ! ശത്രുവിനെ വലുതായി കാണുന്നത് പരാജയത്തിന്റെ ആദ്യത്തെ ഇടർച്ചക്കല്ലാണ്! ഇന്ന് എല്ലായിടത്തും നാം കേൾക്കുന്നതും അതാണ്! "അവരോടൊന്നും സുവിശേഷം പറഞ്ഞിട്ട് ഒരു കാര്യവുമില്ലെന്നേ, അവരൊന്നും രക്ഷിക്കപ്പെടുകയില്ല!"

മദ്ധ്യപ്രദേശിലെ ദമോഹിൽ പ്രവർത്തനമാരംഭിച്ചപ്പോൾ ആ സ്ഥലത്തെക്കുറിച്ചറിയാവുന്ന പലരും എന്നോടു പറഞ്ഞു: "അത് കഠിനഭൂമിയാണ്. അവിടെ വിളവിറക്കാനൊന്നും നിനക്കു പറ്റില്ല... എന്തുകൊണ്ട് കുറെക്കൂടെ റെസ്പോൺസ് ഉള്ള സ്ഥലങ്ങൾ - ആദിവാസി മേഖലയോ മറ്റോ തെരഞ്ഞെടുത്തുകൂടാ?". വിപണന സാധ്യതയുള്ള ഇടംനോക്കി നിക്ഷേപം നടത്തുന്നത് കച്ചവടത്തിൽ അഭിനന്ദനീയമായിരിക്കാം. എന്നാൽ, ഒരു ആത്മികപോരാളി കച്ചവടക്കാരനല്ല. അവന് കമാൻഡർ പറയുന്നത് അനുസരിക്കാൻ മാത്രമെ കഴിയൂ...ലാഭത്തിനും നഷ്ടത്തിനും അപ്പുറത്ത് അവന് 'കല്പന'യുണ്ട്

സുവിശേഷീകരണത്തിന്റെ പലഘട്ടങ്ങളിലും പലരും- സഭകളുടെയും മിഷൻ സംഘടനകളുടെയും നേതൃത്വത്തിലുള്ളവർ തന്നെ- എന്നോട് പലവട്ടം ചോദിച്ചിട്ടുണ്ട്: "നിനക്കൊറ്റയ്ക്ക് എന്തു ചെയ്യാൻ കഴിയും?"എനിക്ക് ദഹിക്കാൻ ബുദ്ധിമുട്ടുള്ള ഒരു ചോദ്യമാണത് "നിനക്ക് ഒറ്റയ്ക്ക് എന്തുചെയ്യാൻ കഴിയും?" അതിന് ഞാൻ "ഒറ്റ"യ്ക്കല്ലല്ലോ മാഷെ! ഇവിടെ യുദ്ധം എന്റേതല്ല, യഹോവയുടേതാണ്! (1 ശമുവേൽ 17:47). അതു കാട്ടിലെ യുദ്ധമായാലും നാട്ടിലെ യുദ്ധമായാലും! രഹസ്യയുദ്ധമായാലും പരസ്യയുദ്ധമായാലും... യുദ്ധം യഹോവയുടേത്! കാട്ടിൽ സിംഹത്തിന്റെയും കരടിയുടേയും കയ്യിൽ നിന്ന് എന്നെ വിടുവിച്ചത് "യഹോവ"യാണ്! ഇനി പരസ്യയുദ്ധത്തിൽ ഈ ഫെലിസ്ത്യന്റെ കയ്യിൽ നിന്ന് എന്നെ രക്ഷിക്കാൻ പോകുന്നതും യഹോവയാണ്! ഇവിടെ 'എന്റെ പ്രാപ്തി'ക്കു പ്രസക്തിയൊന്നുമില്ല — യഹോവ പ്രാപ്തൻ! അനിവാര്യമായിരിക്കുന്നത് അവനിലുള്ള ആശ്രയം മാത്രം!

എന്റെ മോഹങ്ങളോട് (ലോകത്തോടും ജഡത്തോടും പിശാചിനോടും) ഞാൻ പോരാടുന്നത് എന്റെ ശക്തിയിലല്ല, യേശുവിലുള്ള ആശ്രയത്തിലാണ്! സുവിശേഷീകരണ പോരാട്ടത്തിലും ഞാൻ ആശ്രയിക്കുന്നത് എന്റെ ശക്തിയിലല്ല. പ്രത്യുത, ദൈവത്തിന്റെ ശക്തിയിൽ! ക്രിസ്ത്യാനിയുടെ ജീവിതം പോരാട്ടത്തിന്റെ ജീവിതമാണ്. അത് 'പ്രതിരോധം' (Defence) മാത്രമല്ല, അങ്ങോട്ടുചെന്ന് ആക്രമിക്കുന്നതാണ്! ദാവീദ് ആടിനെ മേയിച്ചു കൊണ്ടിരുന്നപ്പോൾ ഒരിക്കൽ ഒരു സിംഹവും മറ്റൊരിക്കൽ ഒരു കരടിയും വന്ന് കൂട്ടത്തിൽ നിന്ന് ആട്ടിൻകുട്ടിയെ പിടിച്ചു... ദാവീദിനു വേണമെങ്കിൽ ആശ്വസിക്കാം: "ഭാഗ്യം! ആട്ടിൻകുട്ടിയെയും കൊണ്ട് അതു പോയല്ലോ... അത് എന്നെ പിടിച്ചു കൊന്നില്ലല്ലോ.." അങ്ങനെ ചെയ്താൽ അവൻ ഇടയനല്ല, കൂലിക്കാരനാണ് (യോഹന്നാൻ 10:12). എന്നാൽ നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വന്തം ജീവനെ കൊടുക്കാൻ തയ്യാറുള്ളവനാണ്! (യോഹന്നാൻ 10:11) സിംഹത്തെ പിന്തുടർന്ന് അതിനെ അടിച്ച് അതിന്റെ വായിൽ നിന്ന് ആട്ടിൻകുട്ടിയെ വിടുവിച്ചു! (1 ശമുവേൽ 17:34).

ജീവൻ പണയം വെച്ചുള്ള കളിയാണിത്. എന്നാൽ ദാവീദു പറയുന്നത്, എന്റെ അപ്പന്റെ ആടുകൾ എനിക്ക് എന്റെ ജീവനെക്കാൾ വലിയതാണ്. ഞാൻ മരിച്ചാലും എന്റെ അപ്പന്റെ ആടുകളെ ഞാൻ സിംഹത്തിനു വിട്ടുകൊടുക്കില്ല! നോക്കു, യേശുവും അതു തന്നെ ചെയ്തു. വെറുതെയോ ദാവീദ് 'ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ' എന്നു പറയുന്നത്? ഒരു ക്രിസ്തീയ പോരാളിക്ക് ജീവനെക്കാൾ വലുതാണ് പിശാചിന്റെ കൈയ്യിൽ അകപ്പെട്ടുപോയിരിക്കുന്ന ഓരോ മനുഷ്യരും! സാത്താന്റെ പിടിയിൽ നിന്നും മനുഷ്യരെ രക്ഷിക്കുവാൻ അവിടുന്ന് സ്വന്തജീവൻ തന്നെ നഷ്ടപ്പെടുത്തുവാൻ തയ്യാറാകും! സഭയ്ക്കു പുറത്ത് അലഞ്ഞു വലയുന്ന ആടുകളുടെ ജീവൻ രക്ഷിക്കാനായി നാം എത്രത്തോളം ത്യാഗം സഹിക്കും?

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# എന്നേക്കും ജീവിക്കുന്ന ഒരു പുരോഹിതൻ (തുടർച്ച)

**(എബ്രായർ: 7:18 –28)**

**എ**ബ്രായർ:7:18 ൽ പറയുന്നത് മുൻ കല്പനകളുടെ ബലഹീനതകളെക്കുറിച്ചാണ്. അതുകൊണ്ടുതന്നെ അതിനേക്കാൾ ശ്രേഷ്ഠമായ പുതിയ ഒന്ന് ആവശ്യമായി വന്നു. പഴയത് ബലഹീനം എന്ന് മാത്രമല്ല അത് നിഷ്പ്രയോജനവും ആയിരുന്നു. കാരണം, വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നതു കൊണ്ട് അതിന് ഒരിക്കലും പരിസമാപ്തി പ്രാപ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ പാപങ്ങളെ നീക്കിക്കളയുവാനുള്ള കഴിവ് അതിനില്ലായിരുന്നു.

ബലഹീനവും നിഷ്പ്രയോജനകരവുമായതും നീങ്ങി പോവുക എന്നത് ആവശ്യമായിരുന്നു. പത്തൊമ്പതാം വാക്യത്തിൽ ലേഖന കർത്താവ് അത് എടുത്തു പറയുന്നു. ന്യായപ്രമാണത്താൽ ഒന്നിനും പൂർത്തി വന്നിട്ടില്ല എന്ന് പൗലോസ് റോമാലേഖനത്തിലും(റോമർ 3:20) മറ്റു ചില ലേഖനങ്ങളിലും പറഞ്ഞിരുന്നതുപോലെ ഇവിടെയും വ്യക്തമാക്കുന്നു. ദൈവത്തോട് അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശ ഉളവാക്കുവാൻ പഴയനിയമ യാഗങ്ങൾക്ക് കഴിഞ്ഞില്ല. ദൈവത്തെ സമീപിക്കുവാൻ മനുഷ്യന് കഴിയാത്ത വിധം പാപത്തിന് അടിമയായിരുന്നതുകൊണ്ട് പാപത്തിൽ നിന്ന് വിമോചനം പ്രാപിക്കുക എന്നത് ആയിരുന്നു മനുഷ്യന് ഏറ്റവും വലിയ ആവശ്യം. ആവർത്തിക്കപ്പെടുന്ന യാഗങ്ങൾ കൊണ്ട് അത് ഒരിക്കലും സാധിക്കുമായിരുന്നില്ല.

എന്നാൽ യേശുക്രിസ്തു ഒരിക്കലായി എന്നന്നേക്കുമുള്ള യാഗമായി തന്നെത്താൻ അർപ്പിച്ചതിലൂടെ ദൈവവുമായി അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശ ഉളവാക്കി. ദൈവവുമായി നമ്മെ അകറ്റിയിരുന്ന പാപത്തെ യേശുക്രിസ്തുവിന്റെ ക്രൂശിലൂടെ നാം ജയിക്കുകയും ദൈവവുമായി എന്നന്നേക്കുമായുള്ള ഒരു സമാധാനം ലഭിക്കുകയും ചെയ്തു. ഇത് റോമാലേഖനം അഞ്ചാം അധ്യായത്തിൽ വ്യക്തമാക്കിയ ഒരു കാര്യമാണ്. വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നാം ദൈവവുമായി ഒരു സമാധാനത്തിൽ എത്തിയിരിക്കുന്നു. ആ സമാധാനമാണ് നമുക്ക് ഭാഗ്യകരമായ പ്രത്യാശ ഉളവാക്കുന്നത്. ഏതുസമയത്തും കൃപാസനത്തിലേക്കുള്ള പ്രവേശനം അങ്ങനെ നമുക്ക് ദൈവത്താൽ അനുവദിക്കപ്പെ ട്ടിരിക്കുന്നു.

യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ നിന്നും ഇങ്ങനെ സുസ്ഥിരവാഗ്ദത്തങ്ങൾ നമുക്ക് ഉറപ്പിച്ചു കിട്ടുവാൻ കാരണമെന്താണ്? യേശുക്രിസ്തുവിന്റെ

പൗരോഹിത്യം ഒരു ആണയോടു കൂടിയുള്ളതും ഒരിക്കലും അവസാനിക്കാത്തതും ആണ്. എന്നേക്കും നിലനിൽക്കുന്ന ഒരു പൗരോഹിത്യം എന്നുള്ളതാണ് ദൈവത്തിന്റെ ആണയുടെ ഏറ്റവും പ്രധാന ഘടകം. എന്നേക്കും ജീവിക്കുന്ന ഒരു പുരോഹിതനും എന്നേക്കും നിലനിൽക്കുന്ന ഒരു പൗരോഹിത്യവും നമ്മുടെ രക്ഷയെ ഉറപ്പിച്ചു നൽകുന്നു. യേശുക്രിസ്തുവിന്റെ പൗരോഹിത്യം അഹരോന്യ പൗരോഹിത്യം പോലെയല്ല. പഴയ പൗരോഹിത്യം കൈമാറ്റം ചെയ്യപ്പെടുന്നതായിരുന്നു. കാരണം ആ പുരോഹിതന്മാർക്ക് എന്നേക്കും ജീവിക്കാൻ കഴിയില്ലായിരുന്നു. ഓരോ പുരോഹിതന്റെയും മരണസമയത്ത് ആ പൗരോഹിത്യം അടുത്ത ആളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമായിരുന്നു.

യേശുക്രിസ്തു എന്നെന്നേക്കും ജീവിക്കുന്ന പുരോഹിതൻ ആയതുകൊണ്ട് ഒരിക്കലും ആ പൗരോഹിത്യം കൈമാറ്റം ചെയ്യപ്പെടേണ്ടി വരുന്നില്ല. ഏക മഹാപുരോഹിതനായി അവിടുന്ന് എന്നന്നേക്കും വാഴുന്നു. അതുകൊണ്ട് യേശുക്രിസ്തുവിന്റെ പൗരോഹിത്യം നിലനിൽക്കുന്നതാണ്, അതിനാൽത്തന്നെ മാറ്റം വരാത്തതാണ്. അഹരോന്യ ക്രമത്തിൽ അനേകം പുരോഹിതന്മാർ ഉണ്ടായിട്ടുണ്ട്. എന്നാൽ മൽക്കീസേദെക്കിന്റെ ക്രമത്തിൽ ഒറ്റ പുരോഹിതൻ മാത്രമേ ഉള്ളൂ. അത് ദൈവപുത്രനായ യേശുക്രിസ്തുവാണ്. ഇന്നും ആ പഴയ പ്രമാണത്താൽ ചില സഭകളിൽ അനേകം പുരോഹിതന്മാർ സൃഷ്ടിക്കപ്പെടുന്നു. എന്നാൽ യഥാർത്ഥ വിശ്വാസികൾ യേശുക്രിസ്തുവിന്റെ ഏക പൗരോഹിത്യം എന്ന എന്നന്നേക്കുമായുള്ള രക്ഷയുടെ പ്രത്യാശയിൽ ഉറപ്പിക്കപ്പെടുന്നു. എന്നേക്കും ജീവിക്കുന്ന ഒരു പുരോഹിതൻ എങ്ങനെയാണ് നമ്മുടെ പ്രത്യാശയെ ഉറപ്പിക്കുന്നത്? രണ്ടു കാര്യങ്ങളാണ് ഇരുപത്തിയഞ്ചാം വാക്യത്തിൽ നാം കാണുന്നത്.

***ഒന്നാമതായി*** യഥാർത്ഥ രക്ഷയുടെ അവകാശികൾ യേശുക്രിസ്തു എന്ന ഏക മഹാപുരോഹിതൻ മൂലം ദൈവത്തോട് അടുത്തുചെല്ലുന്നവരാണ്.

***രണ്ടാമതായി*** താൻ മൂലം ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ ഈ നിത്യ മഹാപുരോഹിതൻ എന്നേക്കും ജീവിക്കുന്നവനാകയാൽ അവരെ എല്ലാവരെയും രക്ഷിക്കുവാൻ ശക്തിയുള്ളവനാണ്. കാരണം ഇപ്രകാരം ദൈവത്തോട് അടുക്കുന്നവരെ രക്ഷിക്കുന്നതിനായി ഈ മഹാപുരോഹിതൻ എപ്പോഴും പിതാവിനോട് പക്ഷവാദം ചെയ്തുകൊണ്ടേയിരിക്കുന്നു.

യേശുക്രിസ്തു നമുക്കായി പക്ഷവാദം ചെയ്യുന്നു എന്നുള്ളതാണ് നമ്മുടെ പ്രത്യാശയുടെ ഏറ്റവും വലിയ അടിസ്ഥാനം. യേശുക്രിസ്തുവിന്റെ പ്രാർത്ഥനകളും അപേക്ഷകളും പിതാവ് ഒരു നാളും കേൾക്കാതിരിക്കുന്നില്ല. അതുകൊണ്ടുതന്നെ നമ്മുടെ രക്ഷയ്ക്കായുള്ള യേശുക്രിസ്തുവിന്റെ മധ്യസ്ഥത നമുക്ക് പ്രത്യാശയുടെ വാഗ്ദത്തങ്ങളെ ഉറപ്പിച്ച് നൽകുന്നു.

26 ാം വാക്യം മുതൽ യേശുക്രിസ്തുവിന്റെ പ്രത്യേകതകളെക്കുറിച്ചാണ് നാം വായിക്കുന്നത്. മഹാപുരോഹിതനെന്ന നിലയിൽ യേശുക്രിസ്തു പരിപൂർണ്ണനാണ്. 'പവിത്രനും ഒരു ദോഷവും ഇല്ലാത്തവനും നിർമ്മലനും പാപികളോട് സഹവാസം ഇല്ലാത്തവനും സ്വർഗ്ഗത്തേക്കാൾ ഉന്നതനുമായ' ദൈവമാണ് യേശു കർത്താവ്. യേശുക്രിസ്തു പാപം ചെയ്തിട്ടില്ല എന്ന് മാത്രം പറഞ്ഞാൽ പോരാ, പാപം അവനിൽ ഉണ്ടായിരുന്നതേ ഇല്ല എന്നാണ് ഈ വാക്യം സൂചിപ്പിക്കുന്നത്. പാപികളോട് വേർപെട്ടവൻ എന്ന് പറയുമ്പോൾ ചില ആശയക്കുഴപ്പങ്ങളുണ്ടായേക്കാം. യേശുക്രിസ്തു ഈ ഭൂമിയിൽ വസിക്കുമ്പോൾ പാപികളോടൊപ്പം ആഹാരം കഴിക്കുകയും ഇടപഴകുകയും ചെയ്തു. യഥാർത്ഥ വേർപാട് എന്താണ് എന്ന് നമുക്ക് ഈ വാക്യം കൊണ്ട് മനസ്സിലാക്കാം. പാപികളുടെ കൂടെ ആഹാരം കഴിക്കുമ്പോഴും അവരോടു സ്നേഹത്തോടെ ഇടപെടുമ്പോഴും നമുക്ക് പാപത്തോട് വേർപെട്ടിരിക്കാൻ കഴിയും. പാപികളോടുള്ള വേർപാട് എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പാപികളുടെ പ്രവൃത്തികളോടും ആശയങ്ങളോടും ഉള്ള വേർപാട് എന്നതാണ്. അവരുടെ കൂടെ നടന്നാലും അവരെപ്പോലെ ചിന്തിക്കരുത്.

ഇന്ന് വേർപാടിനെക്കുറിച്ച് വളരെ അപൂർണ്ണവും വികലവുമായ കാഴ്ചപ്പാടാണ് പല സഭകളും വച്ചുപുലർത്തുന്നത്. സഭകൾക്കുള്ളിൽ മതം വളർന്നുവരുന്നതു കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. സ്വയനീതികളാൽ സൃഷ്ടിക്കപ്പെടുന്ന മതങ്ങൾ എപ്പോഴും പാപികളെ നിന്ദിച്ചു കൊണ്ടേയിരിക്കും. എന്നാൽ ദൈവികമായ വേർപാട് എന്ന് പറയുന്നത് പാപികളെ

ശേഷം പേജ് 24 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# മൗനം ശക്തന്റെ ആയുധം...

**വൈ**ദികവിദ്യാർത്ഥിയായിരുന്ന വേളയിൽ മിതഭാഷിയായ ഒരു യുവാവ് എന്റെ കൂടെ സെമിനാരിയിൽ പഠിച്ചിരുന്നു. മാസത്തിൽ ഒരാഴ്ച അദ്ദേഹം ഉപവാസവും മൗനവ്രതവും ആചരിക്കും. എന്താവശ്യം ഉണ്ടായാലും കടലാസിൽ എഴുതിക്കാണിക്കുകയേയുള്ളൂ. സഹപാഠികൾ തമാശ പറഞ്ഞാലും, പരിഹസിച്ചാലും, പ്രകോപിപ്പിച്ചാലും സമനില വിടാതെ തികച്ചും ശാന്തനായി അദ്ദേഹം വർത്തിച്ചിരുന്നു.

ചില വർഷങ്ങൾക്കു മുമ്പ് ഒരു യാത്രയിൽ ഞാൻ അദ്ദേഹത്തെ യാദൃശ്ചികമായി കണ്ടു. തികച്ചും പക്വത വന്ന ഒരു വൈദികനായി അദ്ദേഹം മാറിയിരുന്നു. വാക്കുകൾ പെറുക്കിയെടുത്ത രീതിയിലുള്ള സംഭാഷണം, ആരെയും ആകർഷിക്കുന്ന തേജസ്സാർന്ന മുഖഭാവം, അങ്ങേയറ്റം മര്യാദയോടു കൂടിയ പെരുമാറ്റം. ഇതൊക്കെയും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചു നിർത്തുന്ന സ്വഭാവശ്രേഷ്ഠതകളായി എനിക്കു തോന്നി. വർഷങ്ങൾക്കു മുമ്പു ലഭിച്ച ആ പരിശീലനമായിരിക്കാം ഒരുപക്ഷെ അദ്ദേഹത്തിന്റെ വ്യക്തിത്വം അപ്രകാരം ആയിത്തീരുവാൻ ഇടയാക്കിയത്.

ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് സർക്കാർ ഓഫീസുകളിലെ ചുമരുകളിൽ തൂക്കിയിരുന്ന വാചകമാണ് 'നാവടക്കൂ പണിയെടുക്കൂ' എന്നത്. ആത്മീയമേഖലയിലും ഇത്തരമൊരു സന്ദേശത്തിന് പ്രസക്തിയുണ്ട്. നാവടക്കാതിരുന്നാൽ ഉണ്ടാകുന്ന അപകടമാണ് പരദൂഷണം. യഥാർത്ഥ ദൈവഭക്തർ ഈ ദു:സ്വഭാവത്തിൽ നിന്നും പൂർണ്ണമായി മോചിതരായിരിക്കും. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്ന അനാത്മീയരിൽ ഈ വാസന പരിപുഷ്ടമായി കാണപ്പെടുന്നു. അതിന് ആൺപെൺ വ്യത്യാസമില്ല. പിശാചിന്റെ തന്ത്രങ്ങളിൽ പ്രധാനപ്പെട്ടതു കൂടിയാണിത്.

'ചീത്തത്തരം, നിരർത്ഥകവാക്കുകൾ, കളിവാക്ക്, ഇങ്ങനെ ചേർച്ച അല്ലാത്തവ ഒന്നും അരുത്. സ്തോത്രമത്രേ വേണ്ടത്. ഇങ്ങനെയാകുന്നു വിശുദ്ധന്മാർക്കു ഉചിതം' എന്ന് എഫെസ്യർ 5:4 ൽ കാണുന്നു. ഇത്തരം സംസാരവും പ്രയോഗങ്ങളും ദൈവമക്കൾക്കു അയോഗ്യമാണെന്നും നന്ദി നിറഞ്ഞ ഹൃദയം ഉള്ളവരായി സ്തോത്ര ശബ്ദമാണ് നമ്മിൽ നിന്നും ഉയരേണ്ടതെന്നും ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അർത്ഥശൂന്യമായ വാക്കുകൾക്ക് നാം ചെവി കൊടുത്താൽ

വഞ്ചിക്കപ്പെടുകയായിരിക്കും ഫലം. ഇത്തരം വാക്കുകൾ ദൈവമക്കൾ പറയുകയോ കേൾക്കുകയോ ചെയ്യരുത് എന്ന് വ്യക്തം. മറിച്ച് ഉയരത്തിലുള്ളത് ചിന്തിക്കുകയും സംസാരിക്കുകയും ആഗ്രഹിക്കുകയും പ്രാപിക്കുകയും ആണ് വേണ്ടത്.

മതങ്ങളെല്ലാം തന്നെ പരദൂഷണത്തിനെതിരായി പ്രതികരിക്കുന്നുണ്ട്. മനുഷ്യമനസ്സിനെ വേദനിപ്പിക്കുന്നത് ദൈവത്തെ വേദനിപ്പിക്കുന്നതിനു തുല്യമാണെന്നു മിക്ക മതഗ്രന്ഥങ്ങളും അനുശാസിക്കുന്നു. നാവെടുത്തു സംസാരിക്കുമ്പോൾ സംഭവിക്കുന്ന നന്മതിന്മകളെക്കുറിച്ചും തിരുവചനത്തിൽ പറയുന്നുണ്ട്. നാമെല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ട് നടത്തുവാൻ ശക്തനായ സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു (യാക്കോബ് 3:2). ഉചിതമല്ലാത്ത കാര്യങ്ങൾ ഒരു ദൈവപൈതൽ സംസാരിച്ചാൽ അത് അനേകരെ മലിനപ്പെടുത്തുകയും അനേകരുടെ ഹൃദയങ്ങളിൽ കയ്പ്പുള്ള വേര് മുളപ്പിക്കുകയും ചെയ്യുന്നു. വായിൽ നിന്നും എറിയുന്ന വാക്കുകൾ ഒരിക്കലും തിരിച്ചെടുക്കുവാൻ കഴിയുകയില്ല. നാവ് കഠാരയെക്കാളധികം ഹൃദയങ്ങളെ കുത്തി മുറിവേൽപിക്കുകയും, ആ മുറിവ് ഉണങ്ങാത്ത വ്രണം മാതിരി അനേക നാൾ നിലനിൽക്കുകയും ചെയ്യുന്നു. തികച്ചും നിരുപദ്രവകരം എന്ന തോന്നലുണ്ടാക്കി, അനേക ആത്മീയരെ പരദൂഷണത്തിനും അപവാദം പറച്ചിലിനും അടിമകളാക്കി, പിശാച് നരകത്തിലേക്ക് ആനയിക്കുന്നുണ്ട്. ദൈവത്തെ സ്തുതിക്കുവാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നാവുകൾ പരദൂഷണം പറയുവാനുള്ള ആയുധമായി ഉപയോഗിക്കാതിരിക്കുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം.

യഥാർത്ഥ ആത്മീയർ അനാവശ്യമായി സംസാരിക്കുകയോ, പരിഹാസത്തിന്റെ മുനയുള്ള ദ്വയാർത്ഥ പ്രയോഗങ്ങൾ ഉപയോഗിക്കുകയോ ചെയ്യുകയില്ല. 'വാക്കുകളുടെ പെരുപ്പം ലംഘനം വരുത്താതിരിക്കുകയില്ല. മിതമായി സംസാരിക്കുന്നവൻ 'ബുദ്ധിമാൻ' എന്ന് ശലോമോൻ രാജാവും എഴുതിയിരിക്കുന്നു. പരിഹാസികളെ വെറുക്കുന്ന ദൈവം, പരദൂഷണം പറയുന്ന അനാത്മീയരെ ഒഴിവാക്കുവാനും ആഹ്വാനം ചെയ്യുന്നു. സങ്കീർത്തനം ആരംഭിക്കുന്നതു തന്നെ 'ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കാതെയും, പാപികളുടെ വഴിയിൽ നിൽക്കാതെയും, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും, യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് ധ്യാനിക്കുന്നവൻ ഭാഗ്യവാൻ' എന്ന് പറഞ്ഞുകൊണ്ടാണ് (സങ്കീർത്തനം 1:1, 2). പറയുന്ന ഓരോ വാക്കും ഗൗരവമുള്ളതാണെന്ന ചിന്ത നമ്മെ ഭരിക്കട്ടെ. ആലോചിക്കാതെ പറയുന്ന വീൺവാക്കുകൾ തിരിച്ചെടുക്കുവാൻ സാധിക്കുകയില്ലെന്നും മനസ്സിലാക്കണം. അനാവശ്യമായി പറയുന്ന വാക്കുകൾ കൊണ്ടുതന്നെ അന്ത്യന്യായവിധിയിൽ നാം വിധിക്കപ്പെടുമെന്നുള്ളത് മറക്കരുത്.

'കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെയും വായ് തുറക്കാതിരുന്ന' നമ്മുടെ അരുമരക്ഷകന്റെ 'സൗമ്യത' ലോകത്തിൽ വച്ചേറ്റവും ശ്രേഷ്ഠമായിരുന്നു (യെശയ്യാവ് 53: 6 - 8). മൗനമായിരിക്കേണ്ടയിടത്തു മൗനമായിരിക്കുകയും സംസാരിക്കേണ്ടയിടത്തു സംസാരിക്കുകയും ചെയ്ത നല്ല മാതൃക യേശുകർത്താവ് നമുക്ക് കാട്ടിത്തന്നിട്ടുണ്ട്.'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും' എന്ന് ഗിരിപ്രഭാഷണത്തിലൂടെ നമ്മുടെ കർത്താവ് പ്രഖ്യാപിച്ചതും അതുകൊണ്ടാണ് (മത്തായി 5: 5). കുടുക്കുചോദ്യം ചോദിക്കുമ്പോൾ 'യേശുവോ മിണ്ടാതിരുന്നു'എന്ന് തിരുവചനത്തിൽ വായിക്കുന്നു(മത്തായി 26: 63, മർക്കൊസ് 14: 6). 'ഏറിയൊന്നു ചോദിച്ചിട്ടും യേശു അവനോട് ഉത്തരമൊന്നും പറഞ്ഞില്ല' എന്ന് ഹെരോദാവിന്റെ ചോദ്യം ചെയ്യൽ വേളയെക്കുറിച്ചു പരാമർശിക്കുന്ന ഭാഗത്തും എഴുതിയിരിക്കുന്നു (ലൂക്കൊസ് 23:9).

മൗനം വിഡ്ഢിയുടെ ലക്ഷണമല്ല, ശക്തന്റെ ആയുധം കൂടിയാണെന്ന് അനുഭവത്തിലൂടെ കർത്താവ് തെളിയിച്ചു. ചില സന്ദർഭങ്ങളിലെ മൗനത്തിന് കൊടുങ്കാറ്റിനേക്കാൾ ശക്തിയുണ്ട്. 'അർത്ഥഗർഭമായ മൗനം' എന്ന് കേട്ടിട്ടില്ലേ? ബുദ്ധിമാന്മാർ മൗനം അവസരോചിതമായി ഉപയോഗിക്കും. സമൂഹത്തിലെ തിന്മകൾക്കെതിരെ പലപ്പോഴും ഗർജ്ജിച്ചിട്ടുള്ള നമ്മുടെ അരുമരക്ഷകനായ യേശുകർത്താവ്, സൗമ്യനും മൃദുഭാഷിയുമായിരുന്നു. കർത്താവിന്റെ മൗനവും, വിനയവും, ശാന്തതയും, അട്ടഹാസത്തെയും, അഹങ്കാരത്തെയും കൊടുങ്കാറ്റിനെയും കീഴടക്കുന്നതായിരുന്നു. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രം ആസത്സ്വഭാവങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ

ശേഷം പേജ് 15 ▶



ഡേവിഡ് വിൽക്കേഴ്സൺ

# ഉണർവ്വുകൾ വികാരാവേശങ്ങളോ?

എന്റെ ആത്മീയയാത്രയിൽ ദൈവത്തോട് ചില പ്രധാന ചോദ്യങ്ങൾ ചോദിച്ച സമയങ്ങളുണ്ട്. മാനസാന്തരത്തിലൂടെ ജനത്തെ ദൈവികസന്തോഷത്തിലേക്കു നയിക്കുവാൻ കഴിയുന്ന ഒരു സന്ദേശം പറയുവാൻ എനിക്കെന്താണ് കഴിയാത്തത് എന്നതായിരുന്നു അതിലൊരു ചോദ്യം. നുറുങ്ങിയതും തകർന്നതുമായ ഹൃദയമുള്ളവരായി ജനത്തെ ദൈവത്തിങ്കലേക്കു നടത്താനുള്ള ഒരു സന്ദേശം പ്രാപിക്കുവാൻ കർത്താവേ എന്നെ സഹായിക്കൂ എന്നതായിരുന്നു ദൈവത്തോടുള്ള എന്റെ അപേക്ഷയും ആഗ്രഹവും.

ഉണർവ്വിനെക്കുറിച്ചും പരിശുദ്ധാത്മാവിന്റെ അന്ത്യദിന പ്രവചനങ്ങളെക്കുറിച്ചും കേട്ടും അനേക വർഷങ്ങളായി, ആത്മഭാരവും ഹൃദയത്തകർച്ചയും ഇല്ലാതെ രക്ഷിക്കപ്പെടാത്തവരെ രക്ഷിക്കണമെന്ന് പ്രാർത്ഥിക്കുന്ന വിശ്വാസികളെ കുറിച്ച് കേട്ടും മടുത്തു. മറ്റുള്ളവരുടെ തകർന്ന ദാമ്പത്യത്തെക്കുറിച്ച് ആശങ്കയുണ്ടെന്ന് ആളുകൾ വാ തോരാതെ സംസാരിച്ചു കൊണ്ടിരിക്കുന്നു. ആളുകൾ എത്രത്തോളം അധാർമികരായി മാറിയിരിക്കുന്നു. നമ്മുടെ സമൂഹം എത്രത്തോളം ദൈവഭയം ഇല്ലാതെയായിരിക്കുന്നു? ശുശ്രൂഷകൾ പലതും ദൈവനിയോഗങ്ങൾക്കെതിരായതിനാൽ ദൈവനാമം ദുഷിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ 'സഭ' 'ഉഷ്ണവാനുമല്ല ശീതവാനുമല്ല, ശീതോഷ്ണവാൻ' അത്രേ എന്നെഴുതിയിരിക്കുമ്പോലെ ആയിത്തീർന്നുകൊണ്ടിരിക്കുന്നു.

ഒരു വലിയ സഭ എങ്ങനെ സ്ഥാപിക്കാം, ആളുകളുടെ കഴിവുകൾ എങ്ങനെ മെച്ചപ്പെടുത്താം, കമ്പ്യൂട്ടർ സഹായത്തോടെ നിർമിതബുദ്ധിയുടെ ഈ യുഗത്തിൽ ലോകത്തെ എങ്ങനെ സ്വാധീനിക്കാം, വിശ്വാസികളെ എങ്ങനെ മാനസികമായി സന്തോഷിപ്പിക്കാം എന്നിങ്ങനെ നീണ്ടുപോകുന്നു ആധുനിക സഭയുടെ ചിന്താധാരയും ലക്ഷ്യവുമെല്ലാം. ഇന്ന് വേർപെട്ട സമൂഹങ്ങളിൽപ്പോലും കാണുന്നത് ജഡത്തിന്റെയും സ്വബുദ്ധിയുടെയും കണ്ടുപിടിത്തങ്ങളായ നവീന ശുശ്രൂഷാരീതികളും ശൈലികളും പ്രകടനങ്ങളുമൊക്കെയാണ്. അത് മിക്കവാറും ശക്തിയില്ലാത്തതാണ്. അതിന് ലോകത്തെ ക്രിസ്തുവിനായി നേടുവാനുമാകില്ല. സഭ ലോകത്തെ സ്വാധീനിക്കുന്നതിനേക്കാളധികമായി ലോകം സഭയിലേക്ക് കടന്ന് സഭയെ സ്വാധീനിക്കുന്നതും സഭയെ കീഴടക്കുന്നതും കാണുന്നു. ചുരുക്കത്തിൽ ദൈവസഭയെ ഒരു ക്ലബ്ബായി മാറ്റുവാൻ

സാത്താനും പരിവാരങ്ങളും കിണഞ്ഞു ശ്രമിക്കുന്നു. വിനോദത്തോടുള്ള അഭിനിവേശം, തിരുത്തലിനോടും ശാസനയോടുമുള്ള വെറുപ്പ് ഇതൊക്കെ ഇന്നത്തെ സഭയുടെ ദുര്യോഗമായി മാറിയിരിക്കുന്നു.

പാപബോധം നൽകി പരിശുദ്ധാത്മാവ് നമ്മെ നടത്തുമ്പോൾ മറഞ്ഞിരിക്കുന്ന ഓരോ പാപവും വെളിച്ചത്തു കൊണ്ടുവരാൻ കഴിയും. അത്ര ശക്തമാണ് ദൈവത്തിന്റെ സ്നേഹനിർഭരമായ കൃപ. അത്തരം ബോധ്യത്തിൽ ദൈവജനം ഹൃദയത്തകർച്ചയോടെ ദൈവത്തോട് നിലവിളിക്കുന്ന അനുഭവം നിങ്ങൾ അവസാനമായി കണ്ടത് എപ്പോഴാണ്? സ്വർഗത്തിൽ നിന്ന് പാപബോധം നൽകുന്ന പരിശുദ്ധാത്മാവ് തങ്ങളുടെ മേൽ ഇറങ്ങിവരണമെന്ന് ആഗ്രഹിച്ച് യുവാക്കൾ ദൈവത്തെ വിളിക്കുന്നതു കണ്ടിട്ട് എത്ര കാലമായി? നിങ്ങളുടെ ആത്മാവിനെ ജ്വലിപ്പിക്കുന്ന ദൈവശബ്ദം അന്തരാത്മാവിൽ തുളച്ചു കയറുന്നതായി മനസ്സിലാക്കിയ എത്ര കൂടിവരവുകളിൽ അടുത്തിടെ ഭാഗഭാക്കായിട്ടുണ്ട്? അത് സ്വർഗത്തിൽ നിന്നു ദൈവത്തിന്റെ ഹൃദയത്തിൽ നിന്നാണ് വരുന്നതെന്ന് നിങ്ങൾക്കറിയാമോ? വീഴ്ച ഭവിച്ചവന് ഹൃദയത്തകർച്ച ഉണ്ടാകാതവണ്ണം എന്താണ് ഇന്ന് സംഭവിച്ചത്? ഈ കാലയളവിൽ കേൾക്കാത്ത ഒരു വാക്കാണ് ഹൃദയത്തകർച്ച!

ഹൃദയത്തകർച്ച എന്നാൽ ആഴത്തിൽ ആത്മാവിലനുഭവപ്പെടുന്ന ആന്തരിക വേദനയാണ്. മതപരമായ ചടങ്ങുകളിലും ഉണർവ്വ് പ്രസംഗത്തിലും പലരും ഇഷ്ടപ്പെടുന്നത് വെറും വാചകക്കസർത്തു മാത്രമാണ്. അതിനാൽ കേൾവിക്കാർ വളരെ നിഷ്ക്രിയരായി മാറിയിരിക്കുന്നു. ഉണർവ്വ് യോഗങ്ങൾ എന്ന പേരിൽ നടത്തപ്പെടുന്ന കൂട്ടായ്മകൾ കുറച്ച് സമയം മാത്രം നീണ്ടുനിൽക്കുന്ന ഇളക്കങ്ങളായി പരിണമിച്ചിരിക്കുന്നു. ആത്മാവിലുണർത്തപ്പെടുമ്പോൾ ഒരിക്കലും പാപസ്വഭാവങ്ങളിലേക്ക് മടങ്ങില്ലെന്ന് ദൈവത്തോട് വാഗ്ദാനം ചെയ്യുന്നു. എന്നാൽ അത് ആഴ്ചകളോ മാസങ്ങളോ മാത്രമാണ് നിലനിൽക്കുന്നത്. പിന്നീട് മുമ്പത്തേതിലുമധികം നിഷ്ക്രിയത്വത്തിലേക്ക് വഴുതിവീഴുന്നു. ഇത് പലരിലും കണ്ടിട്ടുണ്ട്. ഇത്തവണ ദൈവമേ, നീ എന്നെ സ്പർശിച്ചു, ഞാൻ ഒരിക്കലും പഴയതുപോലെയാകില്ല എന്ന പുലമ്പൽ, വെടിക്കെട്ട് പോലെ ഉച്ചത്തിലുള്ള ഒരു സ്ഫോടനം മാത്രം. വെറുമൊരു ഇളക്കപ്പെരുപ്പം. നിലനിൽക്കാത്ത വികാരാവേശങ്ങൾ മാത്രമായിപ്പോയോ ഉണർവ്വുകൾ?

**യഥാർത്ഥ ഉണർവ്വ് ഹൃദയത്തകർച്ചയിൽ നിന്നാണ് ജനിക്കുന്നത്. തകർന്ന ഹൃദയത്തിൽ നിന്നാണ് ക്രിസ്തുവിനോടുള്ള അഭിനിവേശവും അതായത് സ്നേഹവും എരിവും വരുന്നത്. തിരുവെഴുത്ത് പരിശോധിച്ചാൽ നശിച്ചതിന്റെ കേടു പോക്കാൻ ദൈവം തീരുമാനിക്കുമ്പോൾ, അവിടുന്ന് ഒരു പ്രാർത്ഥനാമനുഷ്യനെ എഴുന്നേൽപ്പിക്കുകയും അവനെ ആത്മഭാരത്തിന്റെ വേദനയുടെ ആഴത്തിലേയ്ക്ക് ഇറക്കുകയും ചെയ്യുമെന്ന് മനസ്സിലാകും.**

യഥാർത്ഥ ഉണർവ്വു ഹൃദയത്തകർച്ചയിൽ നിന്നാണ് ജനിക്കുന്നത്. തകർന്ന ഹൃദയത്തിൽ നിന്നാണ് ക്രിസ്തുവിനോടുള്ള അഭിനിവേശവും അതായത് സ്നേഹവും എരിവും വരുന്നത്. തിരുവെഴുത്ത് പരിശോധിച്ചാൽ നശിച്ചതിന്റെ കേടു പോക്കാൻ ദൈവം തീരുമാനിക്കുമ്പോൾ, അവിടുന്ന് ഒരു പ്രാർത്ഥനാമനുഷ്യനെ എഴുന്നേൽപ്പിക്കുകയും അവനെ ആത്മഭാരത്തിന്റെ വേദനയുടെ ആഴത്തിലേയ്ക്ക് ഇറക്കുകയും ചെയ്യുമെന്ന് മനസ്സിലാകും. തന്റെ സഭയ്ക്കും ജനത്തിനും നാശം സംഭവിച്ചാൽ ദൈവം കണ്ടെത്തിയ പ്രാർത്ഥനാമനുഷ്യനെ അക്ഷരാർത്ഥത്തിൽ ആത്മഭാരത്തിന്റെ വേദനയിൽ ആഴ്ത്തുന്നു. നെഹെമ്യാവിന്റെ പുസ്തകത്തിൽ അത് കാണാം.

ഞാൻ ദൈവസ്നേഹത്തിൽ വിശ്വസിക്കുന്നു. ഞാൻ കരുണയും കൃപയും സ്നേഹവും പ്രസംഗിച്ചു. ക്രിസ്തുവിന്റെ നന്മയും ദീർഘക്ഷമയും പ്രസംഗിക്കുന്നതിൽ ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇന്ന് അനേകർ ഭൗതിക നന്മകൾ മാത്രം പ്രസംഗിക്കുന്നു. രൂപാന്തരത്തിലേക്കു നയിക്കുന്ന ദൈവിക ദൂതുകൾ കേൾക്കാനില്ലാത്ത ദുരവസ്ഥ. 'അവർക്കും അവരുടെ മക്കൾക്കും എന്നേക്കും നന്മയുണ്ടാകേണ്ടതിനു അവർ എന്നെ ഭയപ്പെട്ടു എന്റെ കല്പനകളെ എപ്പോഴും പ്രമാണിച്ചു നടക്കുന്ന ഒരു ഹൃദയം അവരിൽ എല്ലായ്പ്പോഴും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു' (ആവർത്തനം 5:29). പലരും അധരം കൊണ്ട് ദൈവത്തെ ബഹുമാനിക്കുന്നു, അനുഭവമില്ലാതെ

പാട്ടുകൾ പാടുന്നു, പക്ഷേ ദൈവത്തെ അനുസരിക്കുന്ന ഹൃദയം അവർക്കില്ല.

ആത്മീയ യെറുശലേം ആകുന്ന സഭ, ഇപ്പോൾ ലോകവുമായി സന്ധി ചെയ്തിരിക്കുന്നു എന്നത് നിങ്ങളെ വേദനിപ്പിക്കുന്നുണ്ടോ? സഭയെ മുഴുവൻ മന്ദതയിലേക്കു നയിക്കുന്ന ഒരു അവസ്ഥ! പലരും കാതിനിമ്പമായ സന്ദേശങ്ങൾ കേൾക്കാനാഗ്രഹിക്കുന്നു, എങ്കിലും ശിക്ഷണമോ തർജ്ജനമോ ആഗ്രഹിക്കുന്നില്ല. ആത്മീയശക്തിയും ക്രിസ്തുവിനോടുള്ള സ്നേഹവും എരിവും പതുക്കെ ചോർന്നുപോകുന്നതു നാശത്തിന്റെ അടയാളം. ആത്മീയ മാന്ദ്യം വളരെ കുറച്ചുപേർ മാത്രമേ തിരിച്ചറിയുന്നുള്ളൂ. ലോകം പലരുടെയും ഹൃദയത്തെ കീഴടക്കിയിരിക്കുന്നു. തദനുസരണമുള്ള മാറ്റങ്ങൾ അവരിൽ കാണുന്നു, ഹൃദയത്തകർച്ച കാണുന്നില്ല. സഭയാം കുടുംബത്തോട് ഒരിക്കൽ ഉണ്ടായിരുന്ന അനുകമ്പയും സ്നേഹവും, രക്ഷിക്കപെടാത്തവരെപ്പറ്റിയുള്ള ആത്മഭാരവും ഇപ്പോൾ കാണുന്നില്ല. നിങ്ങൾ മാറുകയാണ്, ശരിയായ പാതയിൽ നിന്നും വഴുതി മാറുന്നു. അത് പരാജയ കാരണമാകും. നിങ്ങൾ പോലും അറിയാത്ത നാശം പെട്ടെന്ന് കൺമുന്നിൽ വരും. സത്യം പറഞ്ഞാൽ നിങ്ങൾ പിശാചിനോടുള്ള പോരാട്ടത്തിൽ തോൽവി അടയും.

ഈ ചിന്ത നിങ്ങളെ അസ്വസ്ഥരും പാപബോധമുള്ളവരുമാക്കിയോ? അതോ നിങ്ങൾ അത് അവഗണിച്ചുവോ? ജഡത്തിൽ നിന്ന് എന്തെങ്കിലും സന്തോഷം ലഭിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? രക്ഷിക്കപ്പെടാത്ത സ്നേഹിതരോ ബന്ധുക്കളോ മരണാസന്നരാകുമ്പോഴെങ്കിലും അവരുടെ സ്വർഗ്ഗപ്രാപ്തി നിങ്ങളെ ആശങ്കപ്പെടുത്തുന്നുണ്ടോ? അവരെക്കുറിച്ചുള്ള വേദന നിങ്ങളെ അലട്ടുന്നുണ്ടോ? കണ്ണുനീർ എവിടെ? വിലാപം എവിടെ? ഉപവാസം എവിടെ?

ഒരു യഥാർത്ഥ പ്രാർത്ഥനാജീവിതം ആരംഭിക്കുന്നത് നുറുങ്ങിയ ഹൃദയത്തോടെയാകണം. അങ്ങനെ പ്രാർത്ഥിക്കാൻ മനസ്സുവെച്ചാൽ ദൈവം തന്റെ ഹൃദയം നിങ്ങളുമായി പങ്കിടാൻ തുടങ്ങും. തന്റെ ഹൃദയത്തിൽ, ജനത്തിന്റെ പാപത്തെക്കുറിച്ചു വേദനയുണ്ടെന്ന് ബോധ്യപ്പെടുത്തും. തന്റെ സഭയുടെ ശോച്യാവസ്ഥ കാണിച്ചുതരും. ദൈവം ജനഹൃദയത്തിന്റെ അവസ്ഥ കാണിച്ചുതരും. അവരുടെ യഥാസ്ഥാനത്തിനായി ചെയ്യേണ്ടത് ഇന്നതെന്നു ബോധ്യപ്പെടുത്തും. അപ്പോൾ നിങ്ങളുടെ ഹൃദയം നിലവിളിക്കാൻ തുടങ്ങും. ദൈവമേ, അങ്ങയുടെ നാമം ദുഷിക്കപ്പെടുന്നു. പരിശുദ്ധാത്മാവിനെ നിന്ദിക്കുന്നു. കർത്താവിന്റെ സാക്ഷ്യം പ്രഘോഷിക്കപ്പെടുന്നില്ല. പരിഹാരമായി എന്തെങ്കിലും അടിയന്തരമായി ചെയ്യേണ്ടതുണ്ട്.

നാം ഒഴിവുകഴിവ് പറഞ്ഞു അവഗണിക്കുവാൻ പാടില്ല. ഈ ബോധ്യത്താൽ സമ്പൂർണ്ണമായി സമർപ്പിക്കുമ്പോഴാണ് ദൈവം തന്റെ കരങ്ങളിൽ ഇണങ്ങിയ ആയുധങ്ങളായി നമ്മെ ഉപയോഗിക്കുവാനാരംഭിക്കുക. ദൈവകരങ്ങളിലതിനായി നമ്മെത്തന്നെ സമർപ്പിക്കാം •


▶▶ 12

## മൗനം ശക്തന്റെ ആയുധം...

താൻ അങ്ങേയറ്റം വിജയിച്ചു. ദൈവം കാലാകാലങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ശക്തരായ ദൈവദാസന്മാർ മിതഭാഷികളും, സൗമ്യരുമായിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. സൗമ്യരെയും മിതഭാഷികളെയും സമൂഹം ഹൃദയത്തിൽ ബഹുമാനിക്കും. 'മോശെയെപ്പോലെ സൗമ്യനായ മനുഷ്യൻ ഭൂമുഖത്ത് വേറെ ഉണ്ടായിട്ടില്ല' എന്നുള്ള ദൈവത്തിന്റെ സാക്ഷ്യം തന്നെ വലിയ ഉദാഹരണം. ശിമെയി തന്നെ പരിഹസിച്ചപ്പോൾ 'അത് ദൈവം അവനെ അനുവദിച്ചിട്ടാണെന്ന്' മറുപടി പറഞ്ഞ ദാവീദ്‌രാജാവിന്റെ സൗമ്യത എത്രയോ ആദരണീയവും, അനുകരണാർഹവുമാണ്.

അതിസൗമ്യനായിരുന്ന പൗലൊസ്, തന്റെ വാക്ചാതുര്യത്തിന്റെ ബലഹീനതയെക്കുറിച്ച് ബോധവാനായി എഴുതി: 'കേൾക്കുന്നവരെ മറിച്ചുകളയുന്നതിനല്ലാതെ ഒന്നിനും കൊള്ളാത്ത വാഗ്വാദം ചെയ്യാതിരിക്കണമെന്ന് കർത്താവിനെ സാക്ഷിയാക്കി അവരെ അറിയിക്ക' (2 തിമൊഥെയൊസ് 2:14). ആകയാൽ എന്തു പറയുന്നതിനു മുമ്പും നമുക്ക് നമ്മോടു തന്നെ ഇപ്രകാരം ചോദിക്കാം: 'ഈ കാര്യം പറയുന്നതുകൊണ്ട് എനിക്കോ, മറ്റുള്ളവർക്കോ, സമൂഹത്തിനോ, സഭയ്ക്കോ, ദൈവത്തിനോ പ്രയോജനമുണ്ടോ? ഉണ്ടെങ്കിൽ പറയാം, ഇല്ലെങ്കിൽ പറയാതിരിക്കാം' •





ഡോ. സുജിത്ത് സൈമൺ

# ഭയത്തെ ഉന്മൂലനം ചെയ്യുക ....

ദിനംപ്രതി പലവിധ കാര്യങ്ങളെക്കുറിച്ചുള്ള ഭയങ്ങളാണ് മനുഷ്യരെ അലട്ടിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും രൂപത്തിലുള്ള ഭയം ഇല്ലാത്തവരാരുംതന്നെ കാണുകയില്ല. ശൈശവം മുതൽ മരണം വരെ എന്തെങ്കിലും ഭയം, സുരക്ഷിതത്വ മില്ലായ്മ നമ്മെ പിടികൂടുന്നു. നമ്മിലുള്ള ഭയങ്ങൾ മിക്കതും യാഥാർത്ഥ്യമല്ലാതെ, മനസ്സിന്റെ തോന്നലുകളാണ്. ഭയം നമ്മുടെ ഹൃദയത്തെ തളർത്തുന്നു, മനസ്സമാധാനം അപഹരിച്ചെടുക്കുന്നു, നമ്മിലെ ഊർജ്ജം ചോർത്തിക്കളയുന്നു. നമ്മുടെ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു. ഒടുവിൽ നമ്മുടെ ബന്ധങ്ങളെ തകർത്തു കളയുന്നു. എന്തെങ്കിലും ഭയം എല്ലാവരിലും ഉണ്ട്. കൂടുതലോ കുറവോ എന്ന വ്യത്യാസം മാത്രം. ഇരുട്ടിനെയും ഇടിമിന്നലിനേയും വെള്ളത്തെയും ചെറുജീവികളെയും മൃഗങ്ങളെയും യാത്രയെയും ആൾക്കൂട്ടത്തെയും പരീക്ഷകളെയും വിവാഹത്തെയും പ്രസവത്തെയും, ഇങ്ങനെ ഭയത്തിനു നൂറു നൂറ് ചിന്തകളാണ് പലർക്കും.

അകാരണങ്ങളായ ഇത്തരം ഭയത്തെ മന:ശാസ്ത്രത്തിൽ 'ഫോബിയ' എന്നു പറയുന്നു. മനസ്സിൽ ഭയം നിരന്തരം അലട്ടിക്കൊണ്ടിരുന്നാൽ ഹൃദയമിടിപ്പ് വരെ നിലച്ചു പോകാം. പാമ്പുകടി ഏൽക്കുന്നവരിൽ നല്ലൊരു ഭാഗവും മരിക്കുന്നത് ഭയം മൂലമാണെന്ന് ഡോക്ടർമാർ പറയുന്നു. വിഷം ഉള്ളിൽ ചെന്നു, ഇനി രക്ഷയില്ല എന്ന ചിന്ത മനസ്സിനെ കീഴടക്കിയാൽ അത് മരണകാരണമായി മാറാം. ശരീരത്തിൽ വിഷം കുത്തിവയ്ക്കുന്നു എന്നുപറഞ്ഞ് വെള്ളം കുത്തി വെച്ചാലും വിഷം എന്നിൽ കടന്നു എന്ന് ഗൗരവമായി ചിന്തിക്കുന്ന ആൾക്ക് ഭയംകൊണ്ട് ദോഷം ഭവിച്ചെന്ന് വരാം. മാരകമായ അസുഖങ്ങൾ വന്നാലും ഞാൻ സൗഖ്യം പ്രാപിക്കും, ഈ രോഗം എന്നെ അടിമപ്പെടുത്തുകയില്ല എന്ന് മനസ്സിൽ ഉറച്ചു വിശ്വസിക്കുന്ന ആളുകൾ സുഖം പ്രാപിച്ച സംഭവങ്ങൾ ധാരാളമുണ്ട്. നന്നായി പഠിച്ചാലും, പരീക്ഷാഭയം ക്രമത്തിലധികമുള്ള കുട്ടികൾക്ക് ഒന്നും ശരിയായി എഴുതുവാൻ സാധിക്കാത്തത്, മനസ്സ് ശൂന്യമായി പോകുന്നതു കൊണ്ടാണ്. നന്നായി ഒരുങ്ങിയാലും സഭാകമ്പമുള്ളവർ പ്രസംഗപീഠത്തിൽ കയറി ഒന്നും പറയാതെയോ, എന്തെങ്കിലും അവ്യക്തമായി പറഞ്ഞോ ഇറങ്ങി പോകുന്നു. നല്ല കാര്യങ്ങൾ പ്രവർത്തിക്കുവാൻ താല്പര്യമുണ്ടെങ്കിലും മറ്റുള്ളവരെ ഭയന്ന് നിഷ്ഫലരായി ജീവിതം നയിക്കുന്നവരും ഉണ്ട്.

'ഭീരുക്കൾ ജീവിതത്തിൽ പലതവണ മരിക്കുന്നു, എന്നാൽ ധീരൻ ഒരിക്കൽ മാത്രം മരിക്കുന്നു' എന്ന് ഷേക്സ്പിയർ പറഞ്ഞു. നാം ജീവിതത്തിൽ ഒരിക്കൽ മാത്രം മരിക്കണമോ, അതോ പലതവണ മരിക്കണമോ എന്ന് ചിന്തിക്കുക. മനുഷ്യന്റെ കഴിവിന് കൂച്ചുവിലങ്ങ് ഇടുന്ന ഭയത്തെ നാം ജയിക്കേണ്ടിയിരിക്കുന്നു. നമ്മിലുണ്ടാകുന്ന പല ഭയങ്ങളും മുതിർന്നവർ അവരുടെ അജ്ഞതയിൽ നമ്മുടെ ശൈശവ കാലഘട്ടത്തിൽ പകർന്നു തന്നതാവാം. ഉദാഹരണത്തിന് കരയുന്ന കുട്ടികളുടെ കരച്ചിൽ നിർത്താൻ, ആഹാരം കഴിക്കാൻ മടി കാണിക്കുന്ന കുഞ്ഞിനെ ഭയപ്പെടുത്തി ആഹാരം കഴിപ്പിക്കാൻ, അമ്മമാർ പല സൂത്രങ്ങളും പ്രയോഗിക്കും. ദേ... തിന്നില്ലെങ്കിൽ മീശക്കാരൻ പിടിച്ചുകൊണ്ടു പോകും... ഇരുട്ടത്ത് ഇരിക്കുന്ന ഉമ്മാക്കി പിടിച്ചു തിന്നും...ഇങ്ങനെ ബാലിശങ്ങളായ കാര്യങ്ങൾ കു

ട്ടികളോട് തൽക്കാല കാര്യസാധ്യത്തിനായി പറയുന്ന മുതിർന്നവർ വലിയ ദ്രോഹമാണ് ചെയ്യുന്നത്. ഈ കുട്ടികൾക്ക് പിന്നീട് മീശയുള്ള ആരെ കണ്ടാലും ഭയമാണ്. ഇരുട്ടിനെ ഭയമുള്ള കുട്ടിക്ക് ലൈറ്റ് തെളിച്ച്, ഈ ഇരുട്ടിൽ ഒന്നുമില്ല, പേടിക്കേണ്ട, എന്ന് പറഞ്ഞു കൊടുക്കണം. കരയുന്ന കുട്ടിയെ ഉമ്മാക്കി പിടിച്ചു കൊണ്ടു പോകട്ടെ എന്ന് പറഞ്ഞ് ഇരുട്ടിൽ തള്ളി കുട്ടിയെ മര്യാദ പഠിപ്പിക്കാൻ ശ്രമിക്കുന്ന ചില മാതാപിതാക്കളുണ്ട്. ഇതെല്ലാം തികഞ്ഞ അജ്ഞതയാണ്. ഇത് കുഞ്ഞുങ്ങളിലുളവാക്കുന്ന ഭവിഷ്യത്തുകൾ ഗുരുതരവുമാണ്. ഭയം പാപത്തിൽ വേരൂന്നിയിരിക്കുന്നതായി ബൈബിൾ പറയുന്നു. മനുഷ്യൻ പാപം ചെയ്തു ദൈവതേജസ്സ് നഷ്ടപ്പെടുത്തിയപ്പോൾ ദെവസാന്നിധ്യം ഭയമുളവാക്കുന്നതായി മാറി. ആന്തരികവിശുദ്ധി നഷ്ടപ്പെട്ടപ്പോൾ ദൈവത്തിൽനിന്നും മാത്രമല്ല മറ്റുള്ളവരിൽ നിന്നും അകലാൻ തുടങ്ങി. 'അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവുമായ' തക്കതുണയിൽ നിന്നും അകൽച്ചയുണ്ടായി. ഇപ്രകാരം ജീവിതപങ്കാളിയെയും കൂടപ്പിറപ്പുകളെയും അന്യരായി കാണുവാൻ തുടങ്ങി. ശത്രുവായി തോന്നിയാൽ അവരെന്തെങ്കിലും ദ്രോഹം ചെയ്യുമോ എന്നു മനസ്സിൽ ഭയം ഉടലെടുക്കും. അത് പിന്നീട് അവരെ ഒതുക്കാനുള്ള ചിന്തയിലേക്ക് നയിക്കും. മരുമകൾ മകനെ സ്വന്തമാക്കി എന്ന ഭയം ഉള്ളിൽ വന്ന അമ്മാവിയമ്മമാർ മരുമക്കളെ ഭയക്കും, അവരുടെ ബന്ധം തകർക്കാൻ ശ്രമിക്കും. മകനെ സ്വാധീനിച്ച് മരുമകളെ അപായപ്പെടുത്താൻ ശ്രമിച്ച സംഭവങ്ങൾ പോലും ഉണ്ട്. ചിലയിടങ്ങളിലെങ്കിലും ഭർത്താവ് സഹോദരങ്ങളെ സഹായിച്ചാൽ, ഭർത്താവിന്റെ പണം അവർ കൈക്കലാക്കും എന്ന് ഭയക്കുന്ന ഭാര്യ, ഭർത്താവിന്റെ സഹോദരങ്ങളെ തമ്മിലടിപ്പിച്ചകറ്റും. അയൽവാസി തന്നെക്കാൾ ഉയർച്ച പ്രാപിച്ചാൽ സ്വന്തം പദവിക്ക് ഹാനിയാകും എന്നുള്ള ഭയത്തിൽ അയൽവാസിയെ തേജോവധം ചെയ്യും.

ഭീകരപ്രവർത്തനങ്ങളും, കലാപങ്ങളും എല്ലാം ഏതെങ്കിലും വ്യക്തിയുടെയോ, സമൂഹത്തിന്റെയോ, ഉള്ളിലുദിക്കുന്ന ഭയത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. ഈ ഭയം സംശയമായി, തെറ്റിദ്ധാരണയായി, സംഘർഷമായി, അസമാധാനമായി വികാസം പ്രാപിച്ച് മനുഷ്യനെ ശോചനീയാവസ്ഥയിലെത്തിക്കുന്നു. വിവിധങ്ങളായ ഭയം, ഒരു വ്യക്തിയെ അലട്ടുമ്പോൾ മന:ശാസ്ത്രപരമായി അതിനെ സമീപിക്കേണ്ട പല രീതികളും, മരുന്നുകളും ഉണ്ടെങ്കിലും, ആത്യന്തികമായി നമ്മിൽനിന്ന് ഭയത്തെ പുറത്താക്കുവാനുള്ള ഏകമാർഗ്ഗം ദൈവസ്നേഹത്തിൽ ആഴമായി നാംവേരൂന്നുക എന്നതാണ്. ഇതിന് ആദ്യമായി എന്തിനെയാണ് ഭയക്കുന്നത് എന്ന് തിരിച്ചറിയണം (Identify the cause of Fear). ഒരു യുദ്ധം ജയിക്കണമെങ്കിൽ ആദ്യമായി നമ്മുടെ ശത്രു ആരാണെന്നറിയണം. പലപ്പോഴും അവ്യക്തവും ശരിയായി തിരിച്ചറിയാത്തതുമായ ഭയങ്ങൾ നമ്മെ കുഴപ്പിക്കുന്നു. ഒരാൾക്ക് ഭയത്താൽ സംഭവിക്കാവുന്ന ഏറ്റവും മോശമായ അവസ്ഥയെ പറ്റി ഏതെങ്കിലും ചിന്ത നിങ്ങളിലങ്കുരിച്ചാൽ, അത് സംഭവ്യമാണോ അതോ ചില മിഥ്യാസങ്കല്പങ്ങളാണോ എന്ന് തിരിച്ചറിയാൻ നിങ്ങളെ സഹായിക്കാൻ കഴിയുന്ന വിശ്വസ്തതയുള്ള ഒരു കൗൺസലറുടെ സഹായം തേടുക. രാത്രിയിൽ ജനാലയിൽ ആരോ തട്ടിയതുപോലെയുള്ള ശബ്ദം വൗവ്വാലോ വണ്ടോ പോലുള്ള ഏതെങ്കിലും ജീവികൾ പറന്നുവന്നപ്പോൾ തട്ടിയതാകാം. നമ്മുടെ സാഹചര്യങ്ങളെ ശരിയായി വിലയിരുത്തുമ്പോൾ മനസ്സിലാകും ഞാൻ എന്തിനാണ് ഈ കാര്യത്തെക്കുറിച്ച് ഇത്രയധികം ഭയപ്പെട്ടത് എന്ന്. നമ്മിലെ പല ഭയങ്ങളും പർവ്വതീകരിച്ച് കാണുന്നത് മനസ്സിന്റെ ഒരു വികല പ്രതിഭാസമാണ്.

ദൈവവചനത്തിന്റെ സത്യമറിഞ്ഞ് അംഗീകരിച്ച് അത് പ്രാവർത്തികമാക്കുക എന്നതാണ് ഇതിനുള്ള ഉത്തമ പരിഹാരമാർഗം. എല്ലാ ഭയങ്ങളിൽ നിന്നും സ്വതന്ത്രമാക്കാൻ യേശുകർത്താവിനോട് പ്രാർത്ഥിക്കുക. ഇന്നലെയും ഇന്നും നാളെയും മാറ്റമില്ലാത്തവനായ ദൈവം എന്നോടൊപ്പം ഇരുന്ന് എന്നെ സംരക്ഷിക്കും എന്ന അചഞ്ചലവിശ്വാസം നമുക്കുണ്ടാകണം. അത് നമ്മെ സർവ്വഭയത്തിൽ നിന്നും മോചിപ്പിക്കും.

മഹാപ്രതിഫലമുള്ള ധൈര്യം തള്ളിക്കളയരുത് എന്നു പൗലോസ് പ്രബോധിപ്പിക്കുന്നു. ദൈവമെനിക്ക് സകലത്തിനും മതിയായവനെന്നുള്ള ഉത്തമബോധ്യം നമ്മെ ഭരിക്കണം. അസാധ്യമൊന്നുമില്ലാത്ത ദൈവത്തെയാണ് ഞാൻ ആശ്രയിക്കുന്നതും വിശ്വസിക്കുന്നതും എന്ന് നമ്മോടുതന്നെ നാം പറയണം. ഹൃദയനിരൂപണങ്ങളെപ്പോലും ദൂരത്തു നിന്ന് ഗ്രഹിക്കുന്ന നമ്മുടെ കർത്താവു തക്കസമയത്തു നമ്മെ വിടുവിക്കും എന്ന ദൃഢവിശ്വാസത്തിൽ സ്ഥിരമാനസരായി മുന്നേറുവാൻ ദൈവം നമ്മെ സഹായിക്കും. ●



**ചാൾസ് സ്പർജൻ**

# ജീവിതം ഒരു പരിശീലനക്കളരി

**ജ**നനത്തിനും മരണത്തിനും ഇടയിലുള്ള ജീവിതം വളരെ ചെറുതാണ്! ഭൂമിയിലെ നമ്മുടെ ജീവിതം ഒരു തീർത്ഥാടനം പോലെ മാത്രമാണ്. ഇന്ന് നമ്മുടെ സുഹൃത്തുക്കളെ ആരോഗ്യത്തോടെ കാണുന്നു, നാളെ അവരുടെ വിയോഗത്തെക്കുറിച്ച് കേൾക്കുന്നു. മരണവുമായി ജീവിതത്തിന് അടുത്ത ബന്ധമുണ്ട്! മേച്ചിൽപ്പുറങ്ങളിൽ മേയുന്ന കാളയെ, കശാപ്പിനായി തടിച്ചുകൊഴുപ്പിക്കുന്നതു പോലെ മരണത്തിലേക്ക് പോകുന്നു എന്നറിയാതെ ജഡത്തെ തീറ്റിക്കൊഴുപ്പിക്കുന്നവർ! സമയമാം രഥത്തിലുള്ള ജീവിത്തിന് പിന്നിൽ അദൃശ്യനായി സഞ്ചരിക്കുന്നവനാണ് മരണം. എന്നാൽ മരണം ഒരിക്കലും കടന്നുചെല്ലാത്ത ഒരു സ്ഥലമുണ്ട്, മരണമണികൾ ഒരിക്കലും മുഴങ്ങാത്ത ഒരിടം! ശവക്കുഴികൾ ഒരിക്കലും കുഴിക്കാത്ത ഒരു ദേശമുണ്ട്. മരണത്തിനപ്പുറമുള്ള അനുഗ്രഹീത നിത്യത! അതിലേക്ക് എത്താൻ നാം മരിക്കണം. മരണശേഷം മഹത്തായ അമർത്യത ലഭിക്കുമ്പോൾനമ്മുടെ വിശ്വാസം സാക്ഷാത്കരിക്കപ്പെടുന്നു.

ഒരു മനുഷ്യന്റെ സന്തോഷത്തെക്കുറിച്ച് വിലയിരുത്തണമെങ്കിൽ, അവന്റെ ജീവിതവും മരണവും വിലയിരുത്തണം. മരിക്കുന്നതു വരെ ബാഹ്യമായി സന്തോഷചിത്തരെന്നത് വെറും തോന്നൽ മാത്രമാകാം. മരണാനന്തരം അവന്റെ ജീവിതത്തിൽ എന്ത് മാറ്റങ്ങൾ സംഭവിക്കുമെന്ന് പലർക്കും അറിയില്ലല്ലോ. മരണത്തിനപ്പുറമുള്ള ജീവിതം ദുരിതപൂർണ്ണമാണെങ്കിൽ, ഭൂമിയിൽ അവൻ ആസ്വദിച്ച ഏറ്റവും ഉയർന്ന സന്തോഷകരമായ ജീവിതത്തേക്കാൾ വളരെ കൂടുതലായിരിക്കും അവന്റെ നിത്യദു:ഖം! യഥാർത്ഥ ഭാഗ്യാവസ്ഥയെ കണക്കാക്കാൻ മരണത്തിനപ്പുറത്തുള്ള അവന്റെ പ്രത്യാശയുടെ ആഴം അളന്നു നോക്കേണ്ടതാണ്.

പുനരുത്ഥാനത്തിലൂടെ ക്രിസ്തുവിനോടൊത്തുള്ള നിത്യതയിലേക്കു നാം പോകണം. ജീവിതം ലാഭകരമാണോ എന്ന് അറിയുന്നതു ഈ ലോകത്തിലെ മിന്നുന്ന വിജയത്തെ അടിസ്ഥാനമാക്കിയല്ല. മറിച്ച് നിത്യജീവനെക്കുറിച്ചുള്ള ചിന്തകൾ വരുത്തിയ മാറ്റങ്ങളെ അടിസ്ഥാനമാക്കിയാണ്. ഭൗതിക അനുഗ്രഹങ്ങളുടെയും സുഖജീവിതത്തിന്റെയും മതഭക്തിയുടെയും തുലാസിൽ ജീവിതത്തെ തൂക്കിനോക്കരുത്. ദൈവവചനത്തിന്റെ തുലാസിൽ, നിത്യതയുടെ വെളിച്ചത്തിൽ, കാര്യങ്ങളെ എണ്ണു

കയും ജീവിതത്തെ വിലമതിക്കുകയും വേണം.

നമുക്ക് മുമ്പിൽ ഒരു മനുഷ്യന്റെ ചരിത്രം ഉണ്ട്. അവന്റെ അസ്തിത്വത്തിന്റെ രണ്ട് വശങ്ങളും. രണ്ടും നമുക്ക് പരിശോധിക്കാം. നമുക്ക് പഠിക്കുവാൻ അവന്റെ ജീവിതവും മരണവുമുണ്ട്. പൗലോസ് തന്റെ ജീവിതത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് 'ജീവിക്കുന്നത് ക്രിസ്തുവാണെ'ന്നും, മരണത്തെക്കുറിച്ച് 'മരിക്കുന്നത് ലാഭമെന്നു'മാണ്. നമ്മിലാരെയെങ്കിലും കുറിച്ച് ഇതുതന്നെ പറയുകയാണെങ്കിൽ നമുക്കും സന്തോഷിക്കാം! കർത്താവ് ബഹുമാനിക്കാൻ ഇഷ്ടപ്പെടുന്ന അനുഗ്രഹീതരുടെ കൂട്ടത്തിൽ നാമും ഉൾപ്പെടുന്നു.

പൗലോസിന് ജീവിക്കുക എന്നത് ക്രിസ്തുവാണ്. നമ്മെപ്പോലെ പൗലോസും ജന്മം മുതൽ ക്രിസ്തുവിനായി ജീവിച്ചിരുന്നവനല്ല. ഈ ലോകത്തിലേക്ക് ജനിച്ചപ്പോൾ മറ്റുള്ളവരെപ്പോലെ പാപത്തിന്റെ അടിമയും നിത്യനാശത്തിന്റെ അവകാശിയുമായിരുന്നു. ദിവ്യകൃപ അവന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നതുവരെ അവൻ 'കയ്പ്പിന്റെ പകയിലും അനീതിയുടെ ബന്ധനത്തിലും' ആയിരുന്നു. പരിശുദ്ധാത്മാവായ ദൈവം അവന്റെ പാപത്തെയും ദുഷ്ടസ്വഭാവത്തെയും കുറിച്ച് അവനെ ബോധ്യപ്പെടുത്തിയപ്പോൾ മാത്രമാണ് അവൻ 'വീണ്ടും ജനിച്ച്' ക്രിസ്തുവിനായി ജീവിക്കുവാൻ തുടങ്ങിയത്.

ക്രിസ്ത്യാനിയുടെ ജീവിതം ക്രിസ്തുവിൽ നിന്നാണ്, ക്രിസ്തുവിനുവേണ്ടിയാണ്. മനുഷ്യന് രണ്ട് തരം ജീവനുണ്ട്. അവന്റെ മാതാപിതാക്കളിൽ നിന്ന് ജനിച്ചപ്പോൾ ലഭിച്ച ജീവനും അതിന്മേലുള്ള ജീവിതവും. അപ്പോൾത്തന്നെ അവന് ഒരു രണ്ടാം ജീവിതമുണ്ട്. ആത്മീയ ജീവിതം. ഭൗതികജീവിതത്തിനു മുകളിലായ ഒരു ജീവിതം! വീണ്ടുംജനനത്താൽ ക്രിസ്തുവിലടിസ്ഥാനപ്പെട്ടുള്ള ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്കായി പിതാവിനെയോ മാതാവിനെയോ പുരോഹിതനെയോ ഒരു മനുഷ്യനെയോ തന്നിലേയ്ക്കു തന്നെയോ നോക്കാതെ ക്രിസ്തുവിലേക്കു മാത്രം നോക്കുന്ന ഒരു വിശ്വാസജീവിതം.

അതുകൊണ്ട് യഥാർത്ഥ ക്രിസ്ത്യാനി പറയുന്നു, 'എനിക്ക് ജീവിക്കുക' എന്നത് ക്രിസ്തുവാണ്, അതായത് 'ക്രിസ്തുകേന്ദ്രീകൃത'മായ ഒരു ജീവിതം. ക്രിസ്തു അവന്റെ ആത്മാവിന്റെ അപ്പമാണ്. ആത്മാവിനെ പോഷിപ്പിക്കുന്ന ഭക്ഷണമാണ്. ജീവന്റെ അപ്പമായവനാൽ പോഷിപ്പിക്കപ്പെടുന്നില്ലെങ്കിൽ ക്രിസ്ത്യാനി എന്ന് പേരുണ്ടെങ്കിലും അവൻ ജീവനില്ലാത്തവനാണ്. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന സ്വർഗ്ഗീയമന്ന ഭക്ഷിക്കാതെ ആർക്കും ജീവിക്കാൻ കഴിയില്ല.

എന്റെ ജീവിതത്തെ ഞാൻ എങ്ങനെ രൂപപ്പെടുത്തുന്നു എന്നും എന്റെ അസ്തിത്വത്തെ ഏത് മാതൃകയിലാണ് ഞാൻ രൂപപ്പെടുത്തുന്നത് എന്നും നിങ്ങൾ എന്നോട് ചോദിച്ചാൽ, അത് ക്രിസ്തുവാണെന്ന് ഞാൻ പറയും. കർത്താവായ യേശുക്രിസ്തു ഒഴികെ എന്റെ അസ്തിത്വത്തെ രൂപപ്പെടുത്താൻ എനിക്ക് മറ്റൊരു മാർഗ്ഗമോ മാതൃകയോ ഇല്ല. ജീവിക്കുന്നത് ക്രിസ്തുവായിരിക്കണം എന്ന ചിന്തയുള്ള മനുഷ്യനു മാത്രമേ ക്രിസ്തുവിനെ തന്റെ ജീവനും മാർഗ്ഗവും മാതൃകയുമായി സ്വീകരിക്കുവാൻ കഴിയൂ. വ്യർത്ഥമായ പാരമ്പര്യങ്ങളുടെ പിന്നാലെ മനുഷ്യർ പായുന്ന യുഗമാണിത്. വ്യർത്ഥമായ പിതൃപാരമ്പര്യങ്ങളെയെല്ലാം തകർത്ത് 'ഞാൻ ക്രിസ്തുവിൽ സ്വതന്ത്രനാണ്' എന്ന് പറയുന്ന മനുഷ്യനെതിരെ വലിയ പ്രതിഷേധമാണ് ലോകത്തിലുയരുന്നത്! ലോകം നിമിഷത്തിനുള്ളിൽ അവന്റെ നേരെ പാഞ്ഞെത്തുന്നു. വചനവിരുദ്ധമായ അന്ധവിശ്വാസ ബന്ധങ്ങളെ നമുക്ക് ഉപേക്ഷിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ! അപ്പോൾ നമുക്ക് യേശുവിന്റെ ജീവിതത്തോടും ഉപദേശത്തോടും പൊരുത്തപ്പെടാത്തതിനെ, അത് വർഷങ്ങൾ പഴക്കമുള്ള പാരമ്പര്യങ്ങളാണെങ്കിലും നിരസിക്കുവാൻ കഴിയും. അപ്പോൾ മാത്രമാണ് 'എനിക്ക് ജീവിക്കുക എന്നാൽ ക്രിസ്തുവാണ്' എന്ന് ആത്മാർത്ഥമായി പറയുവാൻ കഴിയുക.

ഒരു വ്യാപാരി തന്റെ ചരക്കുകളെ നോക്കി പണസഞ്ചിയിൽ പിടിച്ചുകൊണ്ട് പറഞ്ഞു, 'ഞാൻ ജീവിക്കുന്നതു, ബിസിനസ്സിനുവേണ്ടിയാണ്. ബിസിനസ്സ് ആണ് എന്റെ ജീവിതം'. 'അവിടെ ലളിതമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അവന്റെ ഗുമസ്തൻ തന്റെ യജമാനനുവേണ്ടി കഠിനാധ്വാനം ചെയ്യുന്നതായി കാണുന്നു. ജോലി ചെയ്ത് വിയർക്കുമ്പോളവൻ മന്ത്രിക്കുന്നു. 'ഞാൻ ജീവിക്കുന്നത് എന്റെ കുടുംബത്തിന്റെ ഉപജീവനത്തിനാണ്. എന്നാൽ പൗലോസിന്റെ ചിന്തയിൽ 'ഞാൻ ജീവിക്കുന്നത് ക്രിസ്തുവിനായി'ട്ടാണ്. എനിക്ക് ജീവിതം ക്രിസ്തുവാണ്.

അപ്പോൾ അവർ അവനെ നോക്കി പുച്ഛത്തോടെ പരിഹസിക്കുന്നു. അവരെല്ലാവരും ചേർന്ന് ചോദിച്ചു, 'ക്രിസ്തുവോ, അവൻ ആരാണ്? രാജ്യദ്രോഹകുറ്റം ചുമത്തി ക്രൂശിൽ മരണശിക്ഷ

യ്ക്കു വിധിക്കപ്പെട്ടവനല്ലേ? നസ്രേത്തിലെ യേശു, യഹൂദന്മാരുടെ രാജാവ്, ഒരു അടിമയുടെ വില പോലും ജനം കൽപ്പിക്കാത്ത ആ മനുഷ്യനുവേണ്ടി ജീവിക്കുന്നുവെന്നോ? അവനു വേണ്ടി ജീവിച്ചാൽ നിങ്ങൾക്ക് എന്ത് മഹത്വം ലഭിക്കും? നിങ്ങളുടെ പ്രസംഗത്തിൽ എന്ത് നേട്ടമുണ്ട്? അവർ ആക്രോശിക്കുകയാണ്.ഏതൊരാളും പൗലോസിനെ ഭ്രാന്തനായി കരുതിക്കാണും! കാരണം, ക്രൂശിൽ ശാപമരണം ഏറ്റവന് വേണ്ടി ജീവിച്ചാൽ എങ്ങനെ സന്തോഷത്തോടെ ജീവിക്കുവാൻ കഴിയും.? എല്ലാവരും തള്ളിക്കളഞ്ഞ യഹൂദന്മാരുടെ രാജാവ്, എന്ന് പൗലോസ് പറഞ്ഞ ക്രിസ്തുവിനു വേണ്ടി മാത്രം ജീവിക്കുന്നെങ്കിൽ അവൻ എങ്ങനെ ആവശ്യങ്ങൾ നിറവേറ്റും?

പക്ഷേ പൗലോസിന് താൻ എന്താണ് ഉദ്ദേശിച്ചതെന്ന് അറിയാമായിരുന്നു. സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന ശരിയായ വഴി ഏതെന്നും ഏറ്റവും നല്ല അവസാനം ഏതെന്നും അവനറിയാമായിരുന്നു. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന നിങ്ങൾക്ക് പൗലോസ് അപ്പോസ്തലന്റെ ദർശനത്തിനു അനുസൃതമായി ജീവിക്കാൻ കഴിയുമോ? ജീവിക്കുക എന്നത് ക്രിസ്തുവാണെന്ന് സത്യസന്ധമായി പറയാൻ കഴിയുമോ? പലരുടെയും ചിന്തകൾ ഭൂമിയിലെ കാര്യങ്ങളിൽ മുഴുകിയിരിക്കുന്നതായി കാണുന്നു. പണം സമ്പാദിക്കുക എന്നത് മാത്രമാണ് അനേകരുടെ ലക്ഷ്യം. നമ്മെത്തന്നെ ശാസിക്കേണ്ട അവസ്ഥ!

എങ്കിലും തിരഞ്ഞെടുക്കപ്പെട്ട വിശ്വസ്തരായ ചുരുക്കം ചിലരുണ്ട്. ഈ ലോകത്തിൽ ക്രിസ്തുവിന് നൽകാൻ കഴിയാത്തതായി അവർക്ക് ഒന്നുമില്ല. ജീവിക്കുന്നത് ക്രിസ്തു എന്ന് അവർ പറഞ്ഞതിന്റെ അർത്ഥം അത് തന്നെയാണ്. ഇവരാണ് നമ്മുടെ മിഷനറിമാരാകുന്ന വ്യക്തികൾ. ക്രിസ്തുവിനുവേണ്ടി മരിക്കാൻ ധൈര്യപ്പെടുന്നവർ. ക്രിസ്തുവിനായി തങ്ങളുടെ സമ്പത്ത് നൽകുന്നവർ, യജമാനന്റെ ഇഷ്ടം നിവർത്തിക്കുവാൻ വേണ്ടി സന്തോഷത്തോടെ അപമാനവും നിന്ദയും ലജ്ജയും സഹിക്കുന്നവരും, ചെലവഴിക്കുകയും സ്വയം ചെലവഴിക്കപ്പെടുകയും ചെയ്യുന്നവരും ഇവരാണ്. ഇതാണ് ഒരു ക്രിസ്ത്യാനിയുടെ യഥാർത്ഥ ജീവിതം,

'ജീവിക്കുക എന്നത് ക്രിസ്തുവാണ്' എന്നതിൽ ഒരു വിരോധാഭാസവുമില്ല. എന്നാൽ മാനുഷിക വീക്ഷണത്തിൽ മരിക്കുക എന്നത് നേട്ടമല്ല, മറിച്ച് നഷ്ടമാണ്. മരിച്ചയാൾക്ക് തന്റെ സമ്പത്ത് നഷ്ടപ്പെട്ടില്ലേ? എസ്റ്റേറ്റും മനോഹരമായ മാളികയും മരിച്ചവന് നഷ്ടപ്പെട്ടു. വിലയേറിയ ഒരു ശവകുടീരത്തിൽ അടക്കം ചെയ്യപ്പെട്ടാലും, ജീവിച്ചിരുന്നപ്പോൾ, തന്നെ അസൂയയോടെ നോക്കിയ യാചകനെപ്പോലെ, മരിച്ചപ്പോൾ അയാൾ ദരിദ്രനായി മരിച്ചു. അത് ലാഭമല്ല, നഷ്ടമാണ്!

മാനുഷീകവീക്ഷണത്തിൽ മരണം ഒരു നഷ്ടമാണ്. വിശുദ്ധമന്ദിരത്തിലെ ഗാനങ്ങളും നീതിമാന്മാരുടെ പ്രാർത്ഥനകളും സഭയിലെ കൂട്ടായ്മയും ഭാര്യയെയും കുട്ടികളെയും കൂട്ടുകാരെയുമെല്ലാം ഒരുപോലെ നഷ്ടപ്പെട്ടു. അവൻ തന്റെ ശവക്കുഴിയിലേക്ക് പോയിരിക്കുന്നു. തീർച്ചയായും തന്റെ മരണം നഷ്ടമാണ്. ഐസ് പോലെ തണുത്തുറഞ്ഞ ശവത്തെ നോക്കുമ്പോൾ, പുഴുക്കളുടെ ആഹാരമാകുവാൻ ഒരുങ്ങുന്നത് കാണുമ്പോൾ, അവനൊന്നും ഈ ലോകത്തിൽ നേടിയെന്ന് എനിക്ക് തോന്നുന്നില്ല! എങ്കിലും ഞാൻ പറയുന്നു: മരിക്കുന്നത് ലാഭമാണ്. വിശ്വാസത്തിന്റെ ദൂരദർശിനിയിലൂടെ നിങ്ങൾ നോക്കുക. നിങ്ങളുടെ കണ്ണുകൾക്ക് അദൃശ്യ ലോകങ്ങളെ കാണാനും കഴിയും. ഇവിടെ ഇതാ കേവലം ഒരു ശവം, പക്ഷേ അവിടെ ജീവിക്കുന്ന ആത്മാവ്. അവിടെ ദൂതസഞ്ചയങ്ങളുടെ സ്തുതിഘോഷം. അതെ, അവൻ അനുഗ്രഹിക്കപ്പെട്ടവനാണ്. ഭക്തനു മരണം നേട്ടമാണ്!

അവന് എന്താണ് നഷ്ടമായത്? നഷ്ടപ്പെട്ടതിലും കൂടുതൽ അവൻ നേടി. നഷ്ടപ്പെട്ടതിനേക്കാൾ കൂടുതൽ സുഹൃത്തുക്കളെ അവൻ നേടി. മരണദിവസം സിംഹാസനത്തിനു മുമ്പിലുള്ള പ്രകാശമാനമായ ആത്മാക്കളെ കാണമെന്നുള്ള പ്രത്യാശ വളരെയധികം നേട്ടമാണ്. തേജോമയനായ ക്രിസ്തുവിനെ ദർശിച്ചു കൊണ്ട് തന്നോടൊപ്പം നിത്യം വസിക്കുന്നതും, മണ്മറഞ്ഞ വിശുദ്ധരെ കാണുന്നതും വലിയ നേട്ടമല്ലേ? ആനന്ദത്തിന്റെ സൂര്യപ്രകാശത്തിൽ.... ഓ, എത്ര അനുഗ്രഹീതമാണ്! വീണ്ടെടുക്കപ്പെട്ടവരുടെ സമൂഹം എത്ര മികച്ചതാണ്! മരണം നമുക്ക് ഒരു നഷ്ടമല്ല.

മറ്റെന്താണ് അയാൾക്ക് നഷ്ടമായത്? അയാളുടെ എല്ലാ സമ്പത്തും നഷ്ടപ്പെട്ടു. പക്ഷേ അയാൾ ദൈവവിഷയമായി കൂടുതൽ നേടിയിട്ടുണ്ട്, ഉത്തമസമ്പത്തായ യേശുവിനെ അയാൾ നേടി. ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ മരണം ലാഭമല്ലേ? നാം ഇതുവരെ അവിടെ എത്തിയിട്ടില്ല, പക്ഷേ ഉടൻ തന്നെ അവിടെ എ

ത്തും. എവിടേക്കാണ് പോകുന്നതെന്നു നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ! ആരും നിങ്ങളിൽ നിന്ന് എടുത്തുകളയാനാവാത്ത സന്തോഷത്തോടെ നിങ്ങൾ സന്തോഷിക്കുമായിരുന്നു. മരിക്കുന്നത് ലാഭമാണ്. നിങ്ങൾ ക്രിസ്തുവിനായി ജീവിക്കുന്നുണ്ടോ? ക്രിസ്തു നിങ്ങളിൽ വസിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, നിങ്ങളുടെ മരണം ലാഭമാകില്ല. നിങ്ങൾ രക്ഷകനിൽ വിശ്വസിക്കുന്ന ആളാണോ? നിങ്ങളുടെ ഹൃദയം പുതുക്കപ്പെടുകയും മനസ്സാക്ഷി യേശുവിന്റെ രക്തത്തിൽ കഴുകപ്പെടുകയും ചെയ്തിട്ടുണ്ടോ?

ഓ മരണമേ! ക്രിസ്തുവില്ലാത്ത മനുഷ്യർക്ക് നീ എത്ര ഭയങ്കരനാണ്! അതിനാൽ ഞങ്ങൾ ക്രിസ്തുവിനെ പ്രസംഗിക്കുന്നു. 'ക്രിസ്തുയേശു പാപികളെ രക്ഷിക്കാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം ആകുന്നു'. ഇത് നിരസിക്കുകയും, യേശു നിങ്ങളിൽ ജീവിക്കുവാൻ അനുവദിക്കാതിരിക്കുകയും ചെയ്താൽ, യേശുക്രിസ്തു എന്ന നീതിയുള്ള ന്യായാധിപൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിക്കുന്ന ആ ദിവസത്തിൽ നിങ്ങൾ കേട്ട സുവിശേഷം നിങ്ങൾക്കെതിരെ ഒരു സാക്ഷിയായിരിക്കും.

ആകയാൽ സമയം തക്കത്തിലുപയോഗിക്കുക. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം എന്തെന്ന് ഗ്രഹിച്ചു കൊള്ളുക. നിത്യതയ്ക്കായി ഒരുക്കപ്പെടുവാനുള്ള ഒരു പരിശീലനക്കളരിയാണ് ജീവിതം. •

## സകലവും നിവർത്തിക്കുന്ന ദൈവം

**എ**ന്റെ സകല കാര്യവും നിവർത്തിച്ചു തരുവാൻ ഒരാളുള്ളത് എത്ര ആശ്വാസമാണ്. അതും അത്യുന്നതനും സർവ്വശക്തനുമായ ഒരുവൻ. ഇനി എനിക്ക് നിർവിചാരിയായി, നിഷ്ക്രിയനായി ജീവിക്കാം എന്നാണോ അതിന്റെ അർഥം? ഒരിക്കലുമല്ല. 57 ാം സങ്കീർത്തനം രചിച്ച സാഹചര്യം അതു വ്യക്തമാക്കുന്നുണ്ട്. തന്റെ ജീവഹാനിക്കായി ശ്രമിക്കുന്ന ശൗലിന്റെ മുമ്പിൽനിന്നും പ്രാണരക്ഷാർഥം ഓടി ഗുഹയിലൊളിച്ച സമയത്ത് എഴുതിയതാണിത്. ശൗൽ കുന്തം ഓങ്ങുമ്പോഴും വാളൂരി വെട്ടാൻ ശ്രമിക്കുമ്പോഴും ദൈവം സകലവും നോക്കിക്കൊള്ളും എന്നു പറഞ്ഞ് നിഷ്ക്രിയനായിരിക്കുകയല്ലായിരുന്നു ഈ വരികളെഴുതിയ ദാവീദ്. ദൈവം നല്കിയ ബുദ്ധിയും, കായിക ശേഷിയും താൻ നന്നായി ഉപയോഗിച്ചു. ശത്രുവിനു പിടികൊടുക്കാതിരിക്കാനുള്ള തന്റെ പരിശ്രമത്തെ തനിക്കായി സകലവും നന്നായി ചെയ്യുന്ന ദൈവം ഫലപ്രദമാക്കി. അല്ലാതെ ദൈവം ശൗലിന്റെ കയ്യിൽ കയറി പിടിക്കുകയല്ലായിരുന്നു. എന്നാൽ ബന്ധിക്കപ്പെട്ടവനായി യാഗപീഠത്തിന്മേൽ കിടക്കുന്ന യിസഹാക്കിനെ വെട്ടാനായി അബ്രഹാം കത്തി ഓങ്ങുമ്പോൾ ദൈവം ഇടപെട്ടു. രണ്ടു സാഹചര്യങ്ങളുടേയും വ്യത്യാസം വ്യക്തമാണല്ലോ. പൊത്തിഫെറിന്റെ ഭവനത്തിൽ യോസേഫിനു പരീക്ഷ ഉണ്ടായപ്പോൾ താൻ പ്രാർഥിക്കയോ ഉപവസിക്കാമെന്നു തീരുമാനിക്കയോ ആയിരുന്നില്ല, ഉടുപ്പു പോലും ഉപേക്ഷിച്ച് ഓടുകയായിരുന്നു. എന്നാൽ കാരാഗൃഹത്തിൽ പ്രാർഥിക്കാൻ തനിക്കു വേണ്ടുവോളം സമയം കിട്ടിക്കാണും. ഏതായാലും യോസേഫും അത്യുന്നതനായ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവനായിരുന്നതുകൊണ്ട് തക്കസമയത്തു വേണ്ടതൊക്കെ ചെയ്യാൻ അവനു വിവേകമുണ്ടായി, ദൈവം അവനായി സകലവും നിവർത്തിച്ചു. നമ്മുടെ സകല പ്രവൃത്തികളും ദൈവത്തിലാശ്രയിച്ചും ദൈവത്തോടു ചേർന്നുമായിരിക്കട്ടെ. അപ്പോൾ ശരിയായതും ഫലപ്രദമായതും തക്കസമയത്തു ചെയ്യാൻ നാം പ്രാപ്തരാകും. 'അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു എനിക്കായി സകലവും നിവർത്തിക്കുന്ന ദൈവത്തെ തന്നെ' (സങ്കീർത്തനം 57:2).



സുജ വിനു



# കാഴ്ചയാലെയല്ല വിശ്വാസത്താൽ...

'എന്റെ ജീവിതം വളരെ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു, കാരണം എന്റെ കണ്ണുകളുടെ ആദ്യദർശനം, സ്വർഗ്ഗത്തിൽ എന്റെ രക്ഷകനും നാഥനുമായ യേശുവിന്റെ തേജോരൂപം ആയിരിക്കുമല്ലോ'. ജീവകാലം മുഴുവൻ അന്ധയായി കഴിഞ്ഞ ഫാനി ക്രോസ്ബി എന്ന മഹത്വനിതയുടെ ഒരു പ്രസ്താവനയാണ് മുകളിലുദ്ധരിച്ചിരിക്കുന്നത്. അനേക ഭാഷകളിലേക്ക് മൊഴിമാറ്റം നടത്തപ്പെട്ട, അനേക ഹൃദയങ്ങളെ സ്വാധീനിച്ച, ക്രിസ്തീയഗാനങ്ങളുടെ രചയിതാവായ, ലോകപ്രശസ്തയായ ഫാനിയുടെ ജീവിതം ക്രിസ്തുവിനെ പിൻപറ്റുവാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തികൾക്കും പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെ പ്രചോദനകരമാണ്. എന്നാൽ ഫാനിയുടെ ജീവിതകഥ വിവരിക്കും മുമ്പ്, ദൈവവചനത്തിൽ കാഴ്ചയേയും കണ്ണുകളെയും കുറിച്ച് നടത്തുന്ന നിരീക്ഷണങ്ങൾ ഒന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. 'ചില പരീശന്മാർ ഇത് കേട്ടിട്ട് ഞങ്ങളും കുരുടരോ എന്ന് ചോദിച്ചു, യേശു അവരോട്: നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്ക് പാപം ഇല്ലായിരുന്നു, എന്നാൽ ഞങ്ങൾ കാണുന്നു എന്ന് നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നിൽക്കുന്നു എന്നു പറഞ്ഞു' (യോഹന്നാൻ 9 :40, 41) കാഴ്ചയുടെ പാപസാധ്യത യേശു ഊന്നി പറയുന്നു ഇവിടെ. കണ്ണ് ഇടർച്ചയ്ക്കു കാരണമാകുന്നു എങ്കിൽ ചൂഴ്ന്നെടുത്ത് കളയുക എന്ന വചനവും യേശുവിന്റേതു തന്നെയാണ്. കണ്മോഹം, ജഡമോഹം... അതെ, പാപാസക്തി ജനിപ്പിക്കാൻ, സാത്താൻ ഉപയോഗിക്കുന്ന ഒരു പ്രധാന ആയുധമാണ് കണ്ണ്. ആ പഴം കാഴ്ചയ്ക്ക് ഭംഗിയുള്ളതെന്ന് ഹവ്വ കണ്ടു. കണ്ണിന്റെയും കാഴ്ചയുടെയും നശീകരണ സാധ്യതയെ കുറിച്ചുള്ള വചനങ്ങൾ വേറെയുമുണ്ട് വേദപുസ്തകത്തിൽ.

കുഞ്ഞുങ്ങളും ഭർത്താവും പുറത്തേക്ക് പോയിക്കഴിഞ്ഞാൽ സ്ത്രീകളെ വീഴ്ചയിലേക്ക് നടത്തുന്ന ഭംഗിയുള്ള കാഴ്ചകളുമായി എത്തുന്ന മൊബൈൽഫോൺ സാത്താന്റെ ഏറ്റവും പുതിയ ആയുധമാണ്. മായക്കാഴ്ചകളിലേക്ക് കൂപ്പുകുത്തി വചനവായനയ്ക്കും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സമയമില്ലാതാകുന്ന അമ്മമാർ ഇന്ന് വർദ്ധിച്ചുവരുന്നു, ഒപ്പം

ദൈവഭയം ഇല്ലാത്ത ഒരു തലമുറയും. പൗലോസ് പറയുമ്പോലെ'ഹൃദയദൃഷ്ടികൾ'പ്രകാശിക്കപ്പെടേണ്ടതിനായുള്ള പ്രാർത്ഥന നമ്മൾ സഹോദരിമാർക്ക് ഏറ്റവും ആവശ്യമാണ്. കണ്ണുകൊണ്ട് കാണുന്നതിനെ മോഹിക്കുന്നു, മോഹം ഗർഭം ധരിച്ച് പാപം ജനിക്കുന്നു. എന്താണ് കാണുന്നത് എന്ന് ഒരു സ്വയ നിയന്ത്രണം ഓരോ വിശ്വാസിക്കും അത്യാവശ്യം ആണ്.

ഫാനിയുടെ കഥയിലേക്ക് മടങ്ങിവരാം. 1820ൽ അമേരിക്കയിൽ ജനിച്ച തനിക്ക് 6 ആഴ്ച പ്രായമുള്ളപ്പോൾ പിടിപെട്ട ഒരു രോഗം മൂലം അന്ധയായിത്തീർന്നു. ആറാം മാസം തന്റെ പിതാവ് മരണമടഞ്ഞു, അമ്മയും വലിയമ്മയും കൂടി കുഞ്ഞു ഫാനിയെ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വളർത്തി. 8000ൽ പരം ക്രിസ്തീയഗീതകങ്ങൾ രചിച്ച ഫാനിയുടെ കൃതികൾ ലക്ഷക്കണക്കിന് കോപ്പികൾ വിറ്റഴിക്കപ്പെട്ടു. 'സുവിശേഷ ഗീതികളുടെ രാജ്ഞി' എന്നും 'ആധുനിക സഭാ ഗാനങ്ങളുടെ അമ്മ'യെന്നും ഒക്കെ അറിയപ്പെടുന്ന ഫാനിയുടെ വിശ്വാസജീവിതത്തിന്റെ തുടക്കം ഈ രണ്ട് സ്ത്രീകളിൽ നിന്നാണെന്നത് ശ്രദ്ധേയമാണ്.

തിമോഥെയോസിന്റെ അമ്മയും വലിയമ്മയും, അദ്ദേഹത്തിന്റെ വിശ്വാസജീവിതത്തിന് ശക്തി പകർന്നത് എങ്ങനെ എന്ന് വേദപുസ്തകം സാക്ഷിക്കുന്നുണ്ടല്ലോ. ഫാനിയുടെ മുമ്പോട്ടുള്ള കർമ്മകാണ്ഡങ്ങളിൽ എല്ലാം തുണയായി നിന്ന അനേകം വനിതകളെക്കുറിച്ച് നമ്മൾ അവരുടെ ജീവചരിത്രത്തിൽ വായിക്കുന്നു. ക്രിസ്തീയ വേദശാസ്ത്ര ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ത്രീ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഫേബ പാമർ, 'ബ്ലെസ്സഡ് അഷ്വറൻസ്', എന്ന ഗാനത്തിന്റെ സഹരചയിതാവ് ഫേബ നാപ്പ് തുടങ്ങിയ സ്ത്രീകളൊക്കെ ആത്മീയ ഔന്നത്യങ്ങൾ സ്വയം താണ്ടുകയും ഫാനിയെ പോലെയുള്ളവരെ ഉയർത്തുകയും ചെയ്തതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ലൂക്കോസിന്റെ സുവിശേഷം എട്ടാം അധ്യായത്തിൽ യേശുവിനെ ശുശ്രൂഷിച്ച വനിതകളെ പരിചയപ്പെടുത്തുന്നതു പോലെ ഫാനിയുടെ ജീവിതകഥ അനേകം യഥാർത്ഥ വിശ്വാസികളായ സ്ത്രീകളെ പരിചയപ്പെടുത്തുന്നു.

സഹസ്രാബ്ദങ്ങൾക്കും നൂറ്റാണ്ടുകൾക്കും മുമ്പ് ഭക്തിയുള്ള സ്ത്രീകൾ, ചരിത്രത്തിൽ തങ്ങളുടെ

**കുട്ടികളെ സ്കൂളിൽ വിടാനുണ്ടെന്നും വീട്ടുകാര്യങ്ങൾ നോക്കാനുണ്ടെന്നുമൊക്കെ ഒഴിവുകഴിവുകൾ പറഞ്ഞ് ക്രിസ്തീയ പ്രവർത്തനങ്ങൾക്കോ വചനവായനയ്ക്കോ പ്രാർത്ഥനയ്ക്കോ സമയം കണ്ടെത്താത്തവരാണ് നമ്മൾ സഹോദരിമാർ പലരും. ബാധ്യതകളും വേദനകളും, യേശുവിനോട് ചേർന്നിരിക്കുന്നതിൽ നിന്ന് നമ്മെ തടയാതിരിക്കട്ടെ.**

വ്യക്തിമുദ്ര പതിപ്പിച്ചു എങ്കിൽ, ഇന്ന് ഒരു സ്ത്രീക്ക് അത് കഴിയാത്തതിന്റെ കാരണം അവൾ അത് ഇച്ഛിക്കുന്നില്ല എന്നല്ലേ പറയേണ്ടത്? മൂഡിയുടെയും സാങ്കിയുടേയും പോലുള്ളവരുടെ സുവിശേഷ യോഗങ്ങളിൽ ആളുകളെ എത്തിക്കാനും അവരിൽ ഉണർവ്വ് ഉണ്ടാക്കുവാനും ഫാനിയുടെ ഗാനങ്ങൾക്ക് കഴിഞ്ഞതായി അവർ തന്നെ പറഞ്ഞിട്ടുണ്ട്. സുവിശേഷത്തിന്റെ വ്യാപനത്തിന് സ്ത്രീകൾക്ക് എങ്ങനെയെല്ലാം പങ്കുവഹിക്കാം എന്ന് ഫാനി നമ്മെ പഠിപ്പിക്കുന്നു.

പത്തുവയസ്സു മുതൽ ഓരോ ആഴ്ചയും അഞ്ചു വീതം ബൈബിൾ അധ്യായങ്ങൾ കാണാതെ പഠിച്ചു തുടങ്ങിയ ഫാനി 15 വയസ്സായപ്പോഴേക്കും നാല് സുവിശേഷങ്ങളും പഞ്ചഗ്രന്ഥങ്ങളും കുറെയേറെ സങ്കീർത്തനങ്ങളും സദൃശ്യവാകൃങ്ങളും ശലോമോന്റെ പാട്ടുകളും മന:പ്പാഠമാക്കി കഴിഞ്ഞിരുന്നു.

വായിക്കാൻ കഴിയാത്തവൾ എത്ര പരിശ്രമിച്ചിട്ടായിരിക്കും ഇതൊക്കെ ചെയ്തെടു ത്തിരിക്കുക എന്ന ചിന്തയോടൊപ്പം, 'എനിക്ക് കാഴ്ച ലഭിക്കുക എന്നൊരു സാധ്യതയുണ്ടെ ങ്കിൽ ഞാൻ അതിനെ തള്ളിക്കളയും' എന്ന ഫാനിയുടെ പ്രസ്താവന കൂടി നാം ചേർത്തു വായിക്കേണ്ടതുണ്ട്.

ബാഹ്യ കാഴ്ചകളിലേക്ക് വീണു പോയിരുന്നുവെങ്കിൽ തന്റെ ഹൃദയത്തിൽ ഇത്രയേറെ ദിവ്യ പ്രകാശനങ്ങൾ ഉണ്ടാകുമായിരുന്നില്ല എന്ന് ഉറപ്പായിരുന്നു. എട്ടാമത്തെവയസ്സിൽ ആദ്യഗാനം രചിച്ച്, പതിനഞ്ചാം വയസ്സിൽ ഒരു

അന്ധവിദ്യാലയത്തിൽ ചേർന്ന്, സംഗീതവും വിവിധ സംഗീത ഉപകരണങ്ങളുടെ വായനയും പഠിച്ച്, വേദികളിൽ പാടിത്തുടങ്ങി. 'പോകല്ലേ കടന്നെന്നെ' 'കൃപയാൽ ഉള്ള രക്ഷ' തുടങ്ങി ലോകപ്രശസ്തമായ ഗാനങ്ങൾ എഴുതിയ ഫാനി പ്രശസ്തിയിലോ പണത്തിലോ കുടുങ്ങി പോകാതിരിക്കുവാൻ ബദ്ധശ്രദ്ധയായിരുന്നു എന്ന് അവരുടെ ജീവചരിത്രകാരി ആനി വിൽസ് പറയുന്നു. 1849 ൽ ന്യൂയോർക്ക് സിറ്റിയിലുണ്ടായ കോളറാബാധയിൽ നഗരം വിട്ടു പോകാതെ രോഗികളെ ശുശ്രൂഷിച്ചു കൊണ്ടിരുന്നു. ഫാനി സാമൂഹ്യസേവനരംഗങ്ങളിൽ സജീവമായിരിക്കുമ്പോൾത്തന്നെ യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കാനും തന്റെ ഹൃദയത്തെ പൂർണ്ണമായും യേശുവിനു സമർപ്പിക്കുവാനുമുള്ള വാഞ്ഛ അവളിൽ ഉണ്ടായിരുന്നു.

അലക്സാണ്ടർ അൽ സ്റ്റൈൽ എന്നയാളുമായി 1858 ൽ ഫാനിയുടെ വിവാഹം നടന്നു. അദ്ദേഹവും അന്ധനായിരുന്നു. ഒരു കുഞ്ഞ് ജനിച്ചു എങ്കിലും വേഗത്തിൽ തന്നെ അവളെ അവർക്ക് നഷ്ടപ്പെട്ടു. 'ഒരമ്മയുടെ സ്നേഹം എന്തെന്ന് അറിയുവാൻ ദൈവം എന്നെ അനുവദിച്ചു, അതിനുശേഷം അവൾ മാലാഖമാരാൽ ദൈവസിംഹാസനത്തിന്നരികിലേക്ക് എടുക്കപ്പെട്ടു' എന്നാണ് ഫാനി ഇതിനെപ്പറ്റി പിന്നീട് ഒരിക്കൽ പറഞ്ഞത്. ജീവിതത്തിൽ ഇങ്ങനെയുള്ള അനേക പ്രതിസന്ധികൾ നേരിടേണ്ടിവന്നു എങ്കിലും ദൈവീക ഏകാഗ്രത നഷ്ടപ്പെടാതെ അന്ത്യത്തോളവും ക്രിസ്തുഭക്തിയിൽ ജീവിക്കുവാൻ ഫാനിക്കു കഴിഞ്ഞു.

ലഭിച്ച ആദ്യ പ്രതിഫലം മുതൽ ഞാൻ എന്റെ കൈ അയച്ചു പിടിക്കാൻ തീരുമാനിച്ചു എന്ന് ഫാനി പറയുന്നു. നരകത്തിന്റെ അടുക്കള എന്ന് വിളിക്കപ്പെട്ടിരുന്ന അത്രയും ദുരിത പൂർണ്ണമായ യുദ്ധക്കെടുതിക്കിരയായവർ താമസിച്ചിരുന്ന ഒരിടമാണ് ഫാനി തനിക്കു ജീവിക്കുവാൻ ആയി തിരഞ്ഞെടുത്തത്, ജീവിതത്തിൽ കുറേക്കൂടി മെച്ചമായ സൗകര്യങ്ങൾ ആസ്വദിച്ച് കഴിയാമായിരുന്നു എങ്കിലും.

കുട്ടികളെ സ്കൂളിൽ വിടാനുണ്ടെന്നും വീട്ടുകാര്യങ്ങൾ നോക്കാനുണ്ടെന്നുമൊക്കെ ഒഴിവു കഴിവുകൾ പറഞ്ഞ് ക്രിസ്തീയ പ്രവർത്തനങ്ങൾക്കോ വചനവായനയ്ക്കോ പ്രാർത്ഥനയ്ക്കോ സമയം കണ്ടെത്താത്തവരാണ് നമ്മൾ സഹോദരിമാർ പലരും. ബാധ്യതകളും വേദനകളും, യേശുവിനോട് ചേർന്നിരിക്കുന്നതിൽ നിന്ന് നമ്മെ തടയാതിരിക്കട്ടെ.

ഫാനിയെ, തിമോഥെയോസിനെ, ഒക്കെ രൂപപ്പെടുത്തിയ അമ്മമാരെപ്പോലെ മറ്റെല്ലാത്തിലും ഉപരിയായി ക്രിസ്തുവിനു വേണ്ടി ജീവിക്കുന്ന തലമുറകളെ സൃഷ്ടിക്കാൻ നമുക്കും ആഗ്രഹിക്കാം, പ്രാർത്ഥിക്കാം. അതിനായി ദൈവം നമ്മെ പ്രാപ്തരാക്കട്ടെ. ●



സ്നേഹിക്കുകയും അതേസമയം അവരുടെ ചിന്തകളിൽ നിന്നും മനോഭാവങ്ങളിൽ നിന്നും വേർപെട്ടു അകലം പാലിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ഇന്ന് മതങ്ങളുടെ അടിസ്ഥാനത്തിൽ പാപികളിൽനിന്നും മതഭക്തർ വേർപെട്ടിരിക്കുന്നു. പാപിയെ വെറുക്കുന്ന മതഭക്തർ, അതേ പാപം സ്വജീവിതത്തിൽ ചെയ്യുകയും ചെയ്യുന്നു. പണത്തിനും വിജയത്തിനും ശത്രുക്കളെ ഇല്ലാതാക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുന്ന ആളുകളാണ് എല്ലാ മതങ്ങളിലും ഉള്ളത്. അവരുടെ എല്ലാവരുടെയും ആഗ്രഹങ്ങൾ ഒന്നാണ്. പക്ഷേ അവർ ആചാരപരമായ വേർപാട് അനുഷ്ഠിക്കുന്നു. എന്നാൽ ക്രിസ്തുവോ വേർപാട് അനുഷ്ഠിച്ചത് ദൈവികമല്ലാത്ത, അതായത് ലോകപരമായ മനോഭാവങ്ങളോടും സ്വന്തം നീതികളിൽ അധിഷ്ഠിതമായ മതബോധത്തോടുമാണ്.

'പാപികളോട് വേർപെട്ടവൻ' എന്ന് ഈ വാക്യത്തിൽ പറയുന്നത് പൗരോഹിത്യപരമായ ഒരു കാരണം കൊണ്ടുമാണ്. നമ്മെപ്പോലെ തന്നെ പാപപ്രകൃതമുള്ള ഒരാൾക്ക് നമ്മെ രക്ഷിക്കുവാൻ കഴിയുമായിരുന്നില്ല. അപകടകരമായ ചതുപ്പുനിലത്ത് കുറെ ആളുകൾ അകപ്പെടുമ്പോൾ അതിൽ ഒരാൾക്ക് മറ്റുള്ളവരെ രക്ഷിക്കാൻ കഴിയില്ല. അവരിൽ നിന്ന് പ്രകൃതത്താൽ എന്നുവച്ചാൽ ആ സ്ഥിതിയിലല്ലാത്ത ഒരാൾക്ക് മാത്രമേ അവരെ രക്ഷിക്കാൻ കഴിയൂ. അതായത് 'പാപത്തിന്റെ ചതുപ്പുനിലത്ത് വീണു പോകാത്ത' ഒരാൾക്ക് മാത്രം! ●



## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ

ജോയ് എം. തോമസ്

# ജീവിതം സ്നേഹത്തിലധിഷ്ഠിത മായിരിക്കണം.

*സദൂക്യരെ അവൻ മിണ്ടാതാക്കിയപ്രകാരം കേട്ടിട്ടു പരീശന്മാർ ഒന്നിച്ചു കൂടി, അവരിൽ നിയമപണ്ഡിതനായ ഒരുവൻ അവനെ പരീക്ഷിച്ചു: ഗുരോ, ന്യായപ്രമാണത്തിൽ ഏതു കല്പന വലിയത് എന്നു ചോദിച്ചു. യേശു അവനോട്: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 22:34 - 40 )*

യേശുകർത്താവിനെ വാക്കിൽ കുടുക്കുവാൻ സദൂക്യരും പരീശന്മാരും യോജിപ്പിലായിരുന്നു. കാരണം ഇവർ രണ്ടുകൂട്ടരും പഠിപ്പിച്ചു കൊണ്ടിരുന്നത് തെറ്റായിരുന്നതിനാൽ കർത്താവ് അവരുടെ പ്രവൃത്തികൾക്കും ഉപദേശങ്ങൾക്കും എതിരായിരുന്നു. ദൈവവുമായി ബന്ധമില്ലാത്ത വെറും മതപ്രമാണികൾ ആയിരുന്നു ഇവർ. ദൈവാത്മാവ് നൽകുന്ന വെളിപ്പാടിലൂടെ ഗ്രഹിക്കേണ്ട ന്യായപ്രമാണത്തിലെ കല്പനകൾ ബുദ്ധിയിൽ ഗ്രഹിക്കുവാനുള്ള വ്യർത്ഥ പരിശ്രമമാണ് അവർ ചെയ്തത്. അതുകൊണ്ട് അവർ കുരുടന്മാരായ വഴികാട്ടികൾ ആയിത്തീർന്നു. അവരുടെ യഥാർത്ഥ മശിഹയെ തിരിച്ചറിയാതെ, ന്യായപ്രമാണത്തിന്റെ കർത്താവിനെ ന്യായപ്രമാണത്തിൽ നിന്നും ചോദ്യങ്ങൾ ചോദിച്ച് പരീക്ഷിക്കുന്ന ഭോഷന്മാരും നീചന്മാരും ആയി അവർ അധഃപ്പതിച്ചു.

സദൂക്യരെ കർത്താവ് മിണ്ടാതാക്കിയത് അറിഞ്ഞപ്പോൾ പരീശന്മാർക്ക് വാശിയായി. കർത്താവിനെ പരീക്ഷിക്കുന്നതിന് ചോദ്യങ്ങൾ തയ്യാറാക്കുവാൻ അവർ ഒന്നിച്ചുകൂടി. പരീശന്മാരിൽ ഒരു വൈദികൻ അതായത് പ്രഗത്ഭനായ ഒരു നിയമജ്ഞൻ കർത്താവിനെ പരീക്ഷിച്ചു കൊണ്ട് ചോദിച്ചു: ഗുരോ, ന്യായപ്രമാണത്തിൽ ഏത് കല്പന വലിയത്? കർത്താവ് ഈ ചോദ്യത്തിന് വളരെ കൃത്യമായ മറുപടിയാണ് നൽകിയത്. കർത്താവ് മറു

പടി നൽകിയത് വളരെ ആത്മാർത്ഥതയോടെ ആയിരുന്നു.

കർത്താവിന്റെ മറുപടി ശ്രദ്ധിക്കുക: 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തെത് അതിനോട് സമം, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞു'.

ന്യായപ്രമാണത്തിന്റെ അന്ത:സത്തയാണ് കർത്താവ് നൽകിയ കല്പന. ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ എന്നപോലെ ഈ കല്പനയുടെ രണ്ടുവശങ്ങൾ. ഒന്നാംവശം നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇപ്രകാരം ദൈവത്തെ സ്നേഹിക്കുമ്പോൾ അതിന്റെ രണ്ടാമത്തെ വശവും നിവൃത്തിയാകുന്നു. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക എന്നത് വലിയതും ഒന്നാമത്തേതും ആയ കല്പനയോടു സമമാണ്. എന്നുവച്ചാൽ തുല്യപ്രാധാന്യം ഉണ്ട്. അത് മാത്രമല്ല ഈ രണ്ട് കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും (പഴയനിയമം മുഴുവനും) അടങ്ങിയിരിക്കുന്നു എന്നും കർത്താവ് വ്യക്തമാക്കി.

സ്നേഹിക്കുക എന്നത് നിസ്സാരവും നിഷ്പ്രയാസവുമായ ഒരു കാര്യമല്ല. നമ്മുടെ ഉള്ളിൽ നിന്നും സ്നേഹം അപരനിലേക്കു പകരപ്പെടുന്നതാണ് സ്നേഹിക്കുക എന്നത്. ദൈവത്തെ സ്നേഹിക്കുക എന്നത് ദൈവത്തിങ്കലേക്ക് നമ്മിൽ നിന്നും സ്നേഹം പകരപ്പെടണം എന്നതാണ്. അതിനു നമ്മിൽ നിന്നും പകരപ്പെടുവാൻ തക്കവണ്ണം സ്നേഹത്തിന്റെ നിറവ് ഉണ്ടാകണം. മനുഷ്യന്റെ യഥാർത്ഥ പ്രശ്നം, പകരപ്പെടുവാൻ സ്നേഹം ഇല്ല എന്നതാണ്. നമ്മുടെ ഈ പ്രശ്നത്തെ പരിഹരിക്കുവാൻ ദൈവത്തിന് മാത്രമേ കഴിയൂ. സ്നേഹം ആകുന്ന ദൈവം, അവിടുത്തെ സ്നേഹം നമ്മിലേക്ക് പകരുവാൻ നമ്മുടെ ഹൃദയം അവിടുത്തെ മുമ്പിൽ തുറന്നു വയ്ക്കണം. അവിടുത്തെ സ്നേഹം നാം സ്വീകരിക്കണം. ദൈവം നമ്മിലേക്ക് പകരുന്ന സ്നേഹം നാം പ്രാപിച്ച് അതിനോട് ക്രിയാത്മകമായി പ്രതികരിക്കുമ്പോൾ നാം ദൈവത്തെ സ്നേഹിക്കുന്നവർ ആയിത്തീരുന്നു.

**നമ്മുടെ ഈ പ്രശ്നത്തെ പരിഹരിക്കുവാൻ ദൈവത്തിന് മാത്രമേ കഴിയൂ. സ്നേഹം ആകുന്ന ദൈവം, അവിടുത്തെ സ്നേഹം നമ്മിലേക്ക് പകരുവാൻ നമ്മുടെ ഹൃദയം അവിടുത്തെ മുമ്പിൽ തുറന്നു വയ്ക്കണം. അവിടുത്തെ സ്നേഹം നാം സ്വീകരിക്കണം.**

ദൈവം നമ്മുടെ സ്രഷ്ടാവും ഉടയവനും പിതാവും പരിപാലകനും എല്ലാമാണ്. അവിടുന്ന് നമ്മിലേക്ക് പകരുന്നത് അവിടുത്തെ തുറന്ന ഹൃദയത്തിൽ നിന്നുമുള്ള പൂർണ്ണ സ്നേഹമാണ്. ആ സ്നേഹത്തോടു നാം പ്രതികരിക്കേണ്ടത് അതേ നിലയിൽ പൂർണ്ണമായും തുറന്ന ഹൃദയത്തോടെയാകണം. അതുകൊണ്ട് നാം ദൈവത്തെ സ്നേഹിക്കേണ്ടത് എങ്ങനെ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും കൂടി സ്നേഹിക്കണം. പൂർണ്ണ ഹൃദയം എന്നത് ഹൃദയം ദൈവത്തിനായി പൂർണ്ണമായി നൽകുന്നതും, ദൈവത്തിൽ പൂർണ്ണമായി ഏകാഗ്രപ്പെടുന്നതും ആണ്. പൂർണ്ണ ആത്മാവ് എന്നത് ദൈവത്തിൽ പൂർണ്ണമായും ലയിച്ച് പറ്റിച്ചേരുന്നതാണ്. പൂർണ്ണമനസ്സോടെ ദൈവത്തെ സ്നേഹിക്കുക എന്നത് പൂർണ്ണമനസ്സോടെയുള്ള തെരഞ്ഞെടുപ്പും തീരുമാനവും ആണ്. ദൈവം നമ്മിലേക്ക് പകരുന്ന സ്നേഹം പൂർണ്ണമായും ഉൾക്കൊണ്ട് അനുഭവിക്കുവാൻ കഴിയുമ്പോഴാണ് ഈ നിലയിൽ ദൈവത്തെ സ്നേഹിക്കുവാൻ നാം പ്രാപ്തരാകുന്നത്.

സ്നേഹത്തിലധിഷ്ഠിതമായി ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥമുള്ളതും സമാധാനപൂർണ്ണവുമായി മനോഹരമാകുന്നത്. ദൈവം നമുക്കായി വിഭാവന ചെയ്ത ജീവിതം അതാണ്. ദൈവത്തിന്റെ സ്നേഹം പ്രാപിക്കാൻ ഹൃദയം പൂർണ്ണമായും തുറന്ന് ആ സ്നേഹം ഉൾക്കൊണ്ട് ദൈവത്തെ സ്നേഹിക്കുമ്പോൾ, സ്നേഹത്തിലധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ തയ്യാറാ

യിക്കഴിഞ്ഞു. ഇനി ഈ ജീവിതം വിജയകരം ആകേണ്ടതു സമസൃഷ്ടങ്ങളെ സ്നേഹിക്കുന്നതിനാലാണ്.

ഒന്നാമത്തേതിനോട് സമമായ രണ്ടാമത്തെ കല്പന 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം' എന്നതാണ്. കൂട്ടുകാരൻ അഥവാ അയൽക്കാരൻ എന്നത് നമ്മുടെ ചുറ്റിലും ഉള്ള ആവശ്യക്കാർ തന്നെയാണ്. എന്റെ അയൽക്കാരൻ ആരെന്ന് ചോദിച്ച ന്യായശാസ്ത്രിക്ക് നൽകിയ മറുപടിയിൽ ആണല്ലോ കർത്താവ് നല്ല ശമര്യക്കാരന്റെ കഥ പറഞ്ഞത്. മുറിവേറ്റു അർദ്ധപ്രാണനായി വഴിയിൽ കിടന്ന യഹൂദനായ മനുഷ്യനെ, അയൽക്കാരനായി കണ്ട ശമര്യക്കാരനെപ്പോലെ ആകുവാൻ ആണ് കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്. ദൈവസ്നേഹം നമ്മിൽ നിറഞ്ഞ് കവിയുന്ന അനുഭവത്തിൽ, മറ്റുള്ളവരോട് അനുകമ്പയും കരുണയും ഉള്ളവരായി നാം മാറണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു.

കൂട്ടുകാരനെ സ്നേഹിക്കുന്നതിനുള്ള മാനദണ്ഡം 'നിന്നെപ്പോലെ തന്നെ' എന്നാണ്. *നമ്മെപ്പോലെ തന്നെ മറ്റുള്ളവരെ കാണുന്ന ജീവിതവീക്ഷണം. അത് വളരെ ഉന്നതമാണ്. അസൂയയ്ക്കും പകയ്ക്കും അവിടെ സ്ഥാനമില്ല. വിവേചനവും മുഖപക്ഷവും ഇല്ല. മറ്റുള്ളവരോട് താദാത്മ്യപ്പെടുന്ന മനോഭാവം. മറ്റുള്ളവർക്ക് അംഗീകാരവും ബഹുമാനവും കൊടുത്ത് അവരെ ചേർത്തു പിടിക്കുന്ന നല്ല മനസ്സ്. ഇതാണ് ജീവിതത്തെ സന്തോഷകരമാക്കുന്ന ജീവിതവീക്ഷണം.*

ന്യായപ്രമാണത്തിലെ സകല കല്പനകളും, പ്രവാചകന്മാരിലൂടെ ദൈവം നൽകിയ എല്ലാ ആലോചനകളും, കല്പനകളും ഈ രണ്ടു കല്പനകളിൽ അടങ്ങിയിരിക്കുന്നു. ദൈവത്തെയും സമസൃഷ്ടങ്ങളെയും സ്നേഹിക്കുമ്പോൾ ദൈവം നൽകുന്ന എല്ലാ കല്പനകളും നാം അങ്ങനെ തന്നെ അനുസരിക്കുകയാണ്. കൂടുതൽ കൂടുതൽ ദൈവസ്നേഹം നിറയുക എന്നതാണ് നമ്മുടെ ഏറ്റവും വലിയ അത്യാവശ്യം. സ്നേഹത്തിലധിഷ്ഠിതമായി ജീവിക്കുന്നതാണ് വിജയകരമായ ജീവിതം. സ്നേഹിക്കുവാൻ പ്രാപ്തരായിത്തീരുന്നതാണ് യഥാർത്ഥ ആത്മികത!

കർത്താവിന്റെ ശിഷ്യന്മാരുടെ യഥാർത്ഥ തിരിച്ചറിയൽ അടയാളം തമ്മിൽ തമ്മിലുള്ള സ്നേഹമാണ്. 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം' എന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതു

**മുറിവേറ്റ് അർദ്ധപ്രാണനായി വഴിയിൽ കിടന്ന യഹൂദനായ മനുഷ്യനെ, അയൽക്കാരനായി കണ്ട ശമര്യക്കാരനെപ്പോലെ ആകുവാൻ ആണ് കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്. ദൈവസ്നേഹം നമ്മിൽ നിറഞ്ഞ് കവിയുന്ന അനുഭവത്തിൽ, മറ്റുള്ളവരോട് അനുകമ്പയും കരുണയും ഉള്ളവരായി നാം മാറണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു.**

പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. കർത്താവ് നമ്മെ എത്രത്തോളം സ്നേഹിച്ചു എന്നത് മനസ്സിലാക്കുംതോറും നമ്മിൽ കർത്താവിനോടുള്ള സ്നേഹം വർദ്ധിച്ചുകൊണ്ടിരിക്കുകയും അതേ അനുപാതത്തിൽ നമ്മുടെ ആത്മീയ സഹോദരങ്ങളോടുള്ള സ്നേഹവും വർദ്ധിക്കുകയും ചെയ്യുന്നു. ***സ്നേഹിക്കുവാനുള്ള ഒരു അഭ്യസനം തന്നെയാണ് ക്രിസ്തീയജീവിതം***

ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ എന്ന മാനദണ്ഡം സ്വീകരിക്കുമ്പോൾ, സ്നേഹം പരിധികൾ ഇല്ലാതെ നമ്മിൽ വർദ്ധിക്കേണ്ടതാണ്. 'അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തു എന്ന് അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു. എന്നാൽ ഈ ലോകത്തിലെ വസ്തുവക ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക' (1 യോഹന്നാൻ 3:16 - 18). സ്നേഹം വാക്കുകളിൽ വെളിപ്പെടണം. എന്നാൽ വാക്കുകളിൽ മാത്രം ഒതുങ്ങരുത്. സ്നേഹം നമ്മുടെ പ്രവർത്തികളിൽ വെളിപ്പെടണം. ഇപ്രകാരമുള്ള ഉന്നതമായ ജീവിതവീക്ഷണത്തോടെ ജീവിതത്തെ കാണുവാനും ജീവിക്കുവാനും നമുക്ക് കഴിയട്ടെ ●

സാത്താനടിമപ്പെട്ട നരകയോഗ്യനായ ഒരുവനെ രക്ഷിക്കുക എന്നത് അത്ര ലളിതമായ കാര്യമല്ല. ദാവീദ് സിംഹത്തിന്റെ വായിൽ നിന്ന് ആട്ടിൻകുട്ടിയെ രക്ഷിച്ചു... വെരിഗുഡ്! എന്നാൽ എന്താണ് അടുത്തതായി സംഭവിക്കുന്നത്? "സിംഹം ദാവീദിന്റെ നേരെ തിരിഞ്ഞു" (1 ശമുവേൽ 17:35). ആടിനെ സിംഹത്തിനു തിന്നാൻ കൊടുക്കുന്ന ഇടയന് ഒരു പോരാട്ടവും ഉണ്ടാവില്ല! എന്നാൽ സിംഹത്തിന്റെ കയ്യിൽ നിന്ന് ആടിനെ വിടുവിക്കാൻ പിന്തുടർന്നു ചെല്ലുന്ന ഇടയൻ തീർച്ചയായും പോരാട്ടം പ്രതീക്ഷിക്കണം, പലപ്പോഴും മാരകമായ പോരാട്ടം! "ദാവീദ് പിന്നെയും, സിംഹത്തിന്റെ കയ്യിൽ നിന്നും കരടിയുടെ കയ്യിൽ നിന്നും എന്നെ രക്ഷിച്ച യഹോവ..." (1 ശമുവേൽ 17:37). ദാവീദ് ആട്ടിൻകുട്ടിയെ രക്ഷിച്ചു; യഹോവ ദാവീദിനെ രക്ഷിച്ചു!

കഥയൊക്കെ കേട്ടുകഴിഞ്ഞപ്പോൾ ശൗൽ പറഞ്ഞു: ശരി ചെല്ല്... ഫെലിസ്ത്യ മല്ലനെ തോല്പിച്ചു വരിക... യഹോവ നിന്നോടു കൂടെ ഇരിക്കും! (1 ശമുവേൽ 17:37). എനിക്ക് ശൗലിനോട് സ്നേഹം തോന്നിയ ഒരു സന്ദർഭമാണിത്. ദൈവം തന്നോടുകൂടെയില്ലെന്ന് ശൗലിനറിയാം. ഇപ്പോഴവൻ മനസ്സിലാക്കുന്നു, ദൈവം ദാവീദിനോടുകൂടെയുണ്ട്. യഹോവ തന്നോടുകൂടെ ഇല്ലെങ്കിൽ താൻ യുദ്ധത്തിനൊരുങ്ങുന്നത് ശരിയല്ല; ദാവീദിനോടു കൂടെയുണ്ടെങ്കിൽ അവൻ യുദ്ധം ചെയ്യട്ടെ... ഇന്ന് അഭിഷേകം നഷ്ടപ്പെട്ട ശൗൽ അഭിഷിക്തനായ ദാവീദിനെ യുദ്ധത്തിനു പറഞ്ഞുവിടുമോ? എനിക്കു സംശയമുണ്ട്! ചിലപ്പോഴൊക്കെ എനിക്കു തോന്നാറുണ്ട്. വേദപുസ്തകത്തിലെ ദുഷ്ട കഥാപാത്രങ്ങൾ തന്നെ, നമ്മെക്കാൾ നല്ലവരാണെന്ന്!

എന്നാൽ അടുത്തതായി ശൗൽ കാണിക്കുന്നത് വലിയൊരു പാതകമാണ്! "ശൗൽ തന്റെ പടയങ്കി ദാവീദിനെ ധരിപ്പിച്ചു, അവന്റെ തലയിൽ താമ്രശിരസ്ത്രം വെച്ചു; തന്റെ കവചവും അവനെ ഇടുവിച്ചു..." (1 ശമുവേൽ 17:38) പടയങ്കിമേൽ അവന്റെ വാളും കെട്ടി (1 ശമുവേൽ 17:39). സകല യിസ്രയേല്യരിലും വെച്ച് തോൾ മുതൽ പൊക്കമേറിയ ശൗലിന്റെ പടയങ്കിയും കവചവും ധരിച്ചു നില്ക്കുന്ന ദാവീദിനെ ഒന്നു വിഭാവന ചെയ്തു നോക്കൂ... ശൗലിന് എഴടി പൊക്കമെങ്കിലും കാണണം.... ദാവീദ് ഒരുപക്ഷേ അഞ്ചരയടിക്കാരനാവണം... ദാവീദ് നടക്കാൻ നോക്കി, എന്നാൽ അവന് ശീലമില്ലായിരുന്നു. ദാവീദ് അവയെ ഊരിവെച്ചു... (1 ശമുവേൽ 17: 39).

ആത്മാവിന്റെ യുദ്ധം ചെയ്യാൻ ലോകത്തിന്റെ സ്ട്രാറ്റജികൾ ആവശ്യമില്ല! 'How to' പുസ്തകങ്ങളുടെ യുഗമാണല്ലോ ഇത്. ഇന്റർവ്യൂവിനെ എങ്ങിനെ അഭിമുഖീകരിക്കാം എന്നതു തുടങ്ങി ഗേൾഫ്രണ്ടിനെയും ബോയ്ഫ്രണ്ടിനെയും എങ്ങനെ സ്വാധീനിക്കാം എന്നുവരെ നൂറുകൂട്ടം കാര്യങ്ങൾക്ക് 'How to' പുസ്തകങ്ങളുണ്ട്. അതുപോലെതന്നെ എങ്ങനെ സമ്മേളനങ്ങൾ നടത്താം, എങ്ങനെ സഭായോഗം നടത്താം, എങ്ങനെ മെഗാചർച്ച് ഉണ്ടാക്കാം തുടങ്ങി എല്ലാ കാര്യങ്ങൾക്കും ഇന്ന് 'ഹൗ ടു' പുസ്തകങ്ങളുണ്ട്. ഒരു ഇൻഷുറൻസ് ഏജന്റ് വാചകക്കസർത്തിലൂടെ സാധാരണക്കാരനെക്കൊണ്ട് ഇൻഷുറൻസ് എടുപ്പിക്കുന്നതു പോലെയല്ല സുവിശേഷവേല എന്നു മനസ്സിലാക്കണം. ബിസിനസ്സുകാരനു ഒരാളിന്റെ മനസ്സിനെ സ്വാധീനിച്ചാൽ മതി. നമുക്കു വ്യക്തികളുടെ ആത്മാവിനെ സ്പർശിച്ചേ പറ്റൂ... നമ്മുടെ പോരാട്ടം ആത്മീയമായതുകൊണ്ട് ആയുധവും ആത്മീയമായിരിക്കണം. ലോകത്തിന്റെ സ്ട്രാറ്റജി കൊണ്ട് ദൈവസഭ പണിയാൻ കഴിയില്ല... 'ലോകത്തിന്റെ സ്ട്രാറ്റജിക്ക് എന്താണ് തെറ്റ്' എന്നു ചോദിച്ചേക്കാം! ശൗലിന്റെ പടയങ്കിക്ക് എന്തെങ്കിലും കുഴപ്പമുണ്ടായിരുന്നോ? എല്ലാം 'പെർഫെക്ട്' (1 ശമുവേൽ 17:38–39). എന്നാൽ, അത് ശൗലിന്റെയാണ്, അതു ദാവീദിനു ചേരില്ല. ദാവീദിനു ശൗലാകാൻ പറ്റില്ല... തിരിച്ചുമുണ്ട്! ശൗലിനു ദാവീദാകാനും പറ്റില്ല!!

പ്രിയമുള്ളവരേ, എനിക്കു ബില്ലിഗ്രഹാമാകണ്ട... ആകാൻ കഴിയുകയുമില്ല... അതിൽ എനിക്കു സങ്കടമൊന്നുമില്ല... എനിക്കു സാജുവായാൽ മതി. പിന്നെ മറ്റൊരു കാര്യം! ബില്ലി ഗ്രഹാമിനു സാജുവാകാനും കഴിയില്ല! ലോകത്തിന്റെ സ്ട്രാറ്റജികൊണ്ടല്ല ദൈവത്തിന്റെ സഭ പണിയേണ്ടത് എന്നു ഞാൻ ഒന്നുകൂടി ഉറപ്പിച്ചുപറയട്ടെ. ഇന്ന് ക്രിസ്തീയ സഭകളും സംഘടനകളും ശൗലിന്റെ കുപ്പായമിട്ട് വെറുതെ ഡ്രില്ലു നടത്തു

കയാണ്! "സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്നു യഹോവ അരുളിച്ചെയ്യുന്നു" (സെഖര്യാവ് 4:6).

ഇന്നാവശ്യം ലോകത്തിന്റെ സ്ട്രാറ്റജിയല്ല. പോരാട്ടത്തിനു മനസ്സുവെയ്ക്കുന്ന അഭിഷിക്തന് ശൗലിന്റെ കുപ്പായം ഒരു ഭൂഷണമല്ല, അപമാനമാണ്; അത് അവനു ശക്തിയല്ല ബലഹീനതയാണ്! പലപ്പോഴും അഭിഷിക്തന്മാരുടെ പരാജയം സംഭവിക്കുന്നത് അവർ ശൗലിന്റെ കുപ്പായമിട്ട് പോരാടാനൊരുങ്ങുന്നതുകൊണ്ടാണ്! അതുകൊണ്ട് ലോകത്തിന്റെ ബുദ്ധിയെ ഉരിഞ്ഞെറിഞ്ഞ് കളഞ്ഞിട്ട് ആത്മാവിന്റെ ശക്തിയിൽ പോരാട്ടത്തിനിറങ്ങുക! പിന്നെ നാം കാണുന്നത് "യഹോവയുടെ നാമത്തിൽ" ഫെലിസ്ത്യമല്ലന്റെ നേരെ കുതിച്ചു ചെല്ലുന്ന ദാവീദിനെയാണ്! (1 ശമുവേൽ 17:45). ഒരു വടിയുമായി തന്റെനേരെ കുതിക്കുന്ന ദാവീദിനോട് ഗോല്യാത്ത് ചോദിക്കുന്നത് ''ഞാൻ വെറുമൊരു നായയാണെന്ന് നീ ചിന്തിച്ചോ" (1 ശമുവേൽ 17: 43) എന്നാണ്! വാസ്തവത്തിൽ അഭിക്ഷിക്തന്റെ മുമ്പിൽ ഗോല്യാത്ത് ഒരു നായ് പോലുമല്ല! ദാവീദ് വടിപോലും ഉപയോഗിച്ചില്ലെന്നോർക്കണം. കല്ലുകൊണ്ട് എറിഞ്ഞു വീഴ്ത്തിയതേയുള്ളു...ഗോല്യാത്ത് ദാവീദിനെ നേരിടുന്നത് അവന്റെ ദേവന്മാരുടെ (ഗത്തിലെ ദൈവം ദാഗോൻ ആണ്) പേരിലാണ്! (1 ശമുവേൽ 17:43). ആ അഗ്രചർമ്മി അവന്റെ ദൈവത്തിന്റെ പേരിൽ യുദ്ധംചെയ്യാൻ മുതിർന്നപ്പോൾ എന്തുകൊണ്ട് ഒരു യിസ്രായേല്യനും യഹോവയുടെ നാമത്തിൽ യുദ്ധം ചെയ്തില്ല. എന്നാൽ ഇടയബാലൻ ദാവിദു പറയുന്നു: ''നീ നിന്റെ ദേവന്റെ നാമത്തിൽ വരുന്നുവോ? ഇതാ ഞാൻ, നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്നെ നേരിടുന്നു" (1 ശമുവേൽ 17: 45).

ഇപ്പോൾ യുദ്ധം ദാവീദും ഗോല്യാത്തും തമ്മിലല്ല. ദാഗോനും യഹോവയും തമ്മിലാണ്! പ്രിയമുള്ളവരെ, നമ്മുടെ പോരാട്ടം യഹോവയുടെ യുദ്ധമാണ്. യുദ്ധം യഹോവയ്ക്കുള്ളത്! (1 ശമുവേൽ17:47). യുദ്ധം യഹോവയ്ക്കുള്ളതായതിനാൽ യുദ്ധവിജയവും യഹോവയ്ക്കുള്ളതാണ്...യുദ്ധം ജയിക്കുമ്പോൾ അളുകൾ പോരാളികളെയല്ല അറിയുന്നത് "യിസ്രയേലിൽ ഒരു ദൈവമുണ്ടന്ന് സർവ്വഭൂമിയും അറിയും!" (1 ശമുവേൽ 17:46). യുദ്ധം യഹോവയുടേത്, പോരാട്ടം യഹോവയുടേത്, യുദ്ധവിജയവും യഹോവയുടേത്.

ഈ ആത്മിക പോരാട്ടത്തിൽ വിജയം നമ്മുടെ ഭാഗത്താണ്. വെല്ലുവിളികൾ മുഴക്കുന്ന പിശാചിന്റെ സാമ്രാജ്യം അവസാനിക്കാറായി... മല്ലൻ മറിഞ്ഞു വീഴാനും, രാജ്യങ്ങൾ ദൈവത്തിന്റെ ഭരണത്തിനു കീഴിൽ മുട്ടുമടക്കാനും ഇനി ആവശ്യം ലോകത്തിന്റെ സ്ട്രാറ്റജികളല്ല, ഒരു അഭിഷിക്ത പോരാട്ടമാണ്! ശൗലിന്റെ പടച്ചട്ട ഉരിഞ്ഞെറിയാം. നമ്മുടെ മേൽ പകർന്ന അഭിഷേകം തിരിച്ചറിഞ്ഞ് ആ അഭിഷേകത്തോടെ യേശുക്രിസ്തുവിന്റെ നാമത്തിൽ നമുക്ക് സാത്താന്യശക്തികൾക്കെതിരെ പരസ്യ യുദ്ധത്തിനിറങ്ങാം...ആമേൻ!

•

STATEMENT OF OWNERSHIP AND OTHER PARTICULARS
ABOUT THE NEWSPAPER NERVEEDHI

**FORM 1V - SEE RULE 8**

| | | |
|---|---|---|
| 1. Place of publication | : | Kottayam |
| 2. Periodicity of the publication | : | Monthly |
| 3. Printer's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | Mackal House<br>Amayannoor P.O<br>Kottayam 686019 |
| 4. Publisher's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | As above |
| 5. Editor's Name | : | P.V. Varghese |
| Whether citizen of India | : | Yes |
| Address | : | Pylithanathu House<br>Amayannoor P O<br>Kottayam 686019 |

6. Name and Address of individuals who own the newspaper and partners or share holders holding more than one percent of total capital. The Newspaper is owned by Righteous Path Publication Trust.

Trustees:

1. Joykutty Mackal Thomas, Mackal House, Amayannoor P.O, Kottayam,Kerala 686019
2. James M.T., Mackal House, Amayannoor P.O, Kottayam Kerala 686019

I, James M.T., hereby declare that the particulars given above are true to the best of my knowledge and belief.

Kottayam — Sd/-
10-3-2025 — Publisher

# മാതാപിതാക്കളുടെയും പഠിതാക്കളുടെയും ആധി

വിദ്യാർഥിയെ ശാരീരികമായോ മാനസികമായോ ഉപദ്രവിക്കുകയോ ഭീതിയോ ജാള്യതയോ വേവലാതിയോ നാണക്കേടോ ഉണ്ടാക്കുന്ന രീതിയിൽ പെരുമാറുകയോ ചെയ്യുന്നതാണ് റാഗിംഗ് (Ragging). ആദ്യവർഷം സ്കൂളിലോ കോളെജിലോ ചേരുന്നവരോട് മുതിർന്ന വിദ്യാർഥികൾ കാണിക്കുന്ന നാശോന്മുഖമായ സ്വഭാവ വൈകൃതമാണിത്. ഇന്ത്യയിൽ ഇത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്. തുടക്കക്കാരെ വിദ്യാലയത്തിന്റെ അന്തരീക്ഷവുമായി പാകപ്പെടുത്താനെന്ന വ്യാജേനയാണ് മുതിർന്ന വിദ്യാർഥികൾ ഇതു ചെയ്യുന്നത്. ഇതിൽ വ്യക്തിപരമായ ഉപദ്രവവും ലൈംഗികചൂഷണവും വരെ പലപ്പോഴും ഉണ്ടാകുന്നു. ജൂനിയർ വിദ്യാർഥികളുടെ വ്യക്തിത്വത്തെ ഇടിച്ചുതാഴ്ത്തി അവരിൽ ദാസ്യമനോഭാവം വളർത്തുവാൻ ഇതിട യാക്കുന്നു. ഇന്ത്യയിലെ പേരുകേട്ട പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് കുപ്രസിദ്ധമായിരുന്നു. ഇത് പല പരിധികളേയും ലംഘിച്ച്, ഇതിനു വിധേയമാകുന്ന കുട്ടികളുടെ മരണത്തിനോ മാനസികനില തകരാറിലായി പഠനത്തെ ബാധിച്ച് അവരുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ നിന്നും വ്യതിചലിക്കാനോ ഇടയാക്കുന്നുണ്ട്. മനുഷ്യാവകാശലംഘനമായി ഇതു മാറിയിട്ടുണ്ട്.

കോടതിയുടെയും പൊതുസമൂഹത്തിന്റെയും ശക്തമായ ഇടപെടലും ആവശ്യമായ നിയമനിർമ്മാണവും ഉണ്ടായിട്ടുപോലും ഇതിനു പൂർണ്ണമായി തടയിടുവാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യാ ഗവൺമെന്റ് റാഗിംഗ് പരാതികൾ പരിഹരിക്കാനായി 'ആന്റിറാഗിംഗ് ഹെൽപ് ലൈൻ' സജ്ജമാക്കിയിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രം റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, ഇന്ത്യയിലെ മെഡിക്കൽ കോളേജുകൾക്ക് റാഗിംഗിനെതിരായ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

റാഗിംഗ് നടത്താൻ പ്രേരിപ്പിക്കുക, സഹായിക്കുക, കുറ്റകരമായ ഗൂഢാലോചന നടത്തുക, റാഗുചെയ്യാനായി നിയമവിരുദ്ധമായി കൂട്ടം കൂടുകയും ലഹളയുണ്ടാക്കുകയും ചെയ്യുക, ഒരു വ്യക്തിയുടെ മാന്യതയ്ക്കും ധാർമ്മികതയ്ക്കും റാഗിംഗ് വഴി ഭംഗമുണ്ടാക്കുക, ശാരീരികമായ മുറിവിനോ അതുപോലുള്ള പരുക്കിനോ ഇടയാക്കുക, തെറ്റായ വിലക്കുകളും നിയന്ത്രണങ്ങളും സൃഷ്ടിക്കുക, മറ്റു രീതിയിലുള്ള നിരോധനങ്ങൾ റാഗിംഗിന്റെ പേരിൽ നടപ്പാക്കുക, കുറ്റകരമായ ബലപ്രയോഗം നടത്തുക, ലൈംഗികമായ പീഡനം അല്ലെങ്കിൽ സ്വാഭാവികമല്ലാത്ത അപമാന പ്രവർത്തനം, അപഹരണം, കവർച്ച, ബലപ്രയോഗം, കുറ്റകരമായ കടന്നുകയറ്റം, സ്വഭാവഹത്യ, വിരട്ടൽ, ഭയപ്പെടുത്തൽ, മുകളിൽപ്പറഞ്ഞ ഏതെങ്കിലുമോ എല്ലാമൊ ആയ കുറ്റകൃത്യങ്ങൾ ഒരു ഇരയ്ക്കെതിരേ പ്രയോഗിക്കുന്നത് കുറ്റകൃത്യവും നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

തുടർന്ന് പറയുന്ന കാര്യങ്ങൾ മാതാപിതാക്കൾ അഡ്മിഷനു മുമ്പ് ശ്രദ്ധിക്കേണ്ടതാണ്: പ്രോസ്പെക്റ്റസിൽ തന്നെ റാഗിംഗിനെതിരായ മുന്നറിയിപ്പുകൾ ഉണ്ടെന്നു ഉറപ്പു വരുത്തണം. അഡ്മിഷൻസമയത്തുതന്നെ നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖ ഓരോ വിദ്യാർഥിക്കും നൽകണം. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു റാഗിംഗ് നിരോധന കമ്മറ്റിയും റാഗിംഗ് നിരോധന സ്ക്വാഡും വേണം. ഇതിന്റെ ചുമതല സ്ഥാപനമേധാവിക്ക് ആയിരിക്കണം. ഉത്തരവാദപ്പെട്ടവർ ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കുന്നു എന്ന് രക്ഷകർത്താക്കൾ നിരീക്ഷിച്ചുറപ്പ് വരുത്തണം. മറ്റുള്ളവരുടെ വേദന കണ്ടു രസിക്കുന്ന മാനസിക വൈകല്യമുള്ള കുട്ടികളാണ് റാഗ് ചെയ്തു സന്തോഷിക്കുന്നത്. മൂല്യരഹിത പശ്ചാത്തലത്തിലും ഭീകരാന്തരീക്ഷത്തിലും വളരുന്ന കുട്ടികൾ ഈ വൈകൃത മനോഭാവക്കാരായിരിക്കും. കുഞ്ഞുങ്ങൾക്ക് സ്നേഹവും മാതൃകയും നൽകി തിരുവചനാനുസരണം വളർത്തിയെടുക്കുന്നതാണ് ഉത്തമ പരിഹാരമാർഗ്ഗം •

# മരണമില്ലാത്ത ജീവിതം...

ഇഹലോക ജീവിതത്തിൽ മനുഷ്യർ ഏറെ ഭയപ്പെടുന്നത് തങ്ങളുടെയോ പ്രിയപ്പെട്ടവരുടെയോ മരണം ആയിരിക്കാം. മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നു എന്ന ചിന്തയാണ് ഈ ഭയത്തിനും ദു:ഖത്തിനും കാരണം. എന്നാൽ യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് മരണത്തിന്മേൽ ജയം ഘോഷിക്കുവാൻ കഴിയുന്ന നിത്യമായ ജീവിതമാണ്!

'എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാണുകയില്ല' എന്ന യേശുക്രിസ്തുവിന്റെ തിരുമൊഴി (യോഹന്നാൻ 8:51) യഹൂദന്മാർക്ക് വിശ്വസിക്കുവാൻ കഴിയാഞ്ഞതുപോലെ മരണത്തിന്മേലുള്ള മാനവജാതിയുടെ വിജയം യേശുക്രിസ്തുവിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്ന സത്യം ഭൂരിപക്ഷ ലോകജനതയും ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. ക്രിസ്തുവിലൂടെയുള്ള വീണ്ടുംജനനാനുഭവമാണ് നിത്യമായ ജീവിതത്തിലേക്കുള്ള ഏക വഴിയെന്നു ഉൾക്കൊള്ളാൻ കഴിയാതെ പോകുമ്പോഴാണ് മരണഭയം നമ്മെ കീഴ്പ്പെടുത്തുന്നത്. യേശുക്രിസ്തുവിന്റെ ഉപദേശത്തിലെ പരമപ്രധാനമായ ചിന്ത നിത്യജീവനും ദൈവരാജ്യവും ആയിരുന്നു. ബെഥാന്യയിലെ മാർത്ത തന്റെ സഹോദരനായ ലാസറിന്റെ വേർപാടിൽ അതിദു:ഖിതയായപ്പോൾ അവരോട് കർത്താവ് പറഞ്ഞ വചനം സ്വർഗ്ഗത്തോളം ഉന്നതമാണ്. 'ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. (യോഹന്നാൻ 11: 25). മരിച്ചവരിൽ നിന്ന് ആദ്യഫലമായി ക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ ക്രിസ്തുവിൽ വീണ്ടും ജനിച്ച് ക്രിസ്തുവിൽ മരിക്കുന്ന ഓരോരുത്തരും പുനരുത്ഥാനം പ്രാപിക്കുമെന്ന വാഗ്ദാനമാണ് മാനവജാതിയുടെ ഏറ്റവും വലിയ പ്രതീക്ഷയും പ്രത്യാശയും.

അപ്പോസ്തലനായ പൗലോസ് ആ ഭാഗ്യകരമായ പ്രത്യാശയെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടനുരൂപമായി രൂപാന്തരപ്പെടുത്തും' ശരീരത്തിന്റെ വീണ്ടെടുപ്പ് ഉൾക്കൊള്ളാൻ കഴിയാതിരുന്ന യവനായ തത്വചിന്തകന്മാർക്കും മരണാനന്തര നിത്യതയുടെ സൗന്ദര്യം ദർശിക്കാൻ സാധിക്കാതിരുന്ന ദൈവവിശ്വാസികൾക്കും ദിശാബോധം പകരുന്ന ചിന്താധാരയാണ് പൗലോസ് ഇവിടെ നൽകുന്നത്. ഉവ്വ്, ഈ ലോകത്തിലെ നമ്മുടെ ഹ്രസ്വജീവിതം നിത്യതയ്ക്കായുള്ള ഒരുക്കനാളോ, പരിശീലനക്കളരിയോ ആണെന്നുള്ള അവബോധമാണ് നമുക്ക് ആവശ്യം.

–എംസി


**Bank Account Details:**
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്ത്
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

